# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പെരിനാട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: K.S.A/KLM/P4/767/2021dated 04 -07 -2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 04/07/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പെരിനാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: K.S.A/KLM/P4/767/2021dated 04 -07 -2021 തീയ്യതി: 04/07/2021

## കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 31-05-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സൈമൺ കെ. | ഡെപ്യൂട്ടി ഡയറക്ടർ | 18-06-2021 | 25-06-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-06-2021 | 25-06-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നവീൻചന്ദ്രൻ,ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ )
ശ്രീമതി. പത്മകുമാരി.എൽ,അസ്സിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.സുബി.എസ്സ്,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി. ജൂഡിറ്റ് വർഗ്ഗീസ്സ്,സീനിയർഗ്രേഡ് ഓഡിറ്റർ
ശ്രീമതി. വിഷ്ണുപ്രിയ. കെ ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.അനിൽ.എൽ | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ.ബാബുരാജ്.എ | സെക്രട്ടറി | 01-04-2019 | 17-11-2019 |
| ശ്രീ.സ്റ്റീഫൻ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-11-2019 | 28-11-2019 |
| ശ്രീ.വി.വിനയകുമാർ | സെക്രട്ടറി | 29-11-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ബാബുരാജ്.എ | സെക്രട്ടറി | 01-04-2019 | 17-11-2019 |
| ശ്രീ.സ്റ്റീഫൻ.എം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-11-2019 | 28-11-2019 |
| ശ്രീ.വി.വിനയകുമാർ | സെക്രട്ടറി | 29-11-2019 | 31-03-2020 |
| ശ്രീ.അശോകൻ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 01-04-2019 | 20-05-2019 |
| ശ്രീ.സന്തോഷ്ജയിംസ് | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 20-05-2019 | 03-10-2019 |
| ശ്രീമതി.ഷൈനു.എസ്സ്.പ്രഭ | ഫിഷറീസ് സബ് ഇൻസ്പെക്ടർ | 05-10-2019 | 31-03-2020 |
| ഡോ.സാൻട്രിയവാഷിംഗ്ടൺ | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി.രമ്യ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.ജുനു.വി | മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 01-04-2019 | 31-03-2020 |
| ഡോ.പിങ്കി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2019 | 21-11-2019 |
| ഡോ.സരിത | മെഡിക്കൽ ഓഫീസർ ഹോമിയോ | 23-11-2019 | 31-03-2020 |
| ഡോ.രാജശ്രീ | മെഡിക്കൽ ഓഫീസർ ആയുർവേദം | 01-04-2019 | 31-03-2020 |
| ശ്രീമതി.നിത്യ.സി | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2019 | 09-12-2019 |
| ശ്രീമതി.മല്ലിക അമ്മ | ഐ.സി.ഡി.എസ്. സൂപ്പർവൈസ | 10-12-2019 | 31-03-2020 |
| ശ്രീ.അജയകുമാർ | ഹെഡ് മാസ്റ്റർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ലീലാമണി.എസ്സ് | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 30-11-2019 |
| ശ്രീ.സ്റ്റീഫൻ.എം | അസ്സിസ്റ്റന്റ് സെക്രട്ടറി | 01-12-2019 | 31-03-2020 |
| ശ്രീമതി.അജിത.എൽ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ.കൃഷ്ണപ്രസാദ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ.ബൈജു | കൃഷി ഓഫീസർ | 01-04-2019 | 12-07-2019 |
| ശ്രീമതി.സീന.എസ്സ് | കൃഷി ഓഫീസർ | 13-07-2019 | 23-09-2019 |
| ശ്രീമതി.സോണൽ സലിം | കൃഷി ഓഫീസർ | 24-09-2019 | 31-10-2019 |
| ശ്രീമതി.ആര്യാലക്ഷ്മി.വി | കൃഷി ഓഫീസർ | 31-10-2019 | 31-03-2020 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 03-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-2 |
| 3 | 2019-20ലെ അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 03-07-2021) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 03-07-2021) | 1-4 |
| 6 | ലാപ്സായ തുകയുടെ വിവരം<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Subi S (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7 |
| 10 | സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻറ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത<br>Written By: Subi S (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7-1 |
| 11 | മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു -<br>Written By: Subi S (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7-2 |
| 12 | പെൻഷണർ മരണപ്പെട്ട തീയതിയ്ക്കും പെൻഷൻ സസ്പെൻറ് ചെയ്ത തീയതിക്കുമിടയിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തു. സർക്കാരിന് 1,46,000 രൂപ നഷ്ടം<br>Written By: Subi S (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7-3 |
| 13 | മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു . തിരിച്ചടവ് ഉറപ്പാക്കണം<br>Written By: Subi S (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-7-4 |
| 14 | ക്യാഷ് പരിശോധന<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-8 |
| 15 | ആഭ്യന്തര നിയന്ത്രണം<br>Written By: Naveen Chandran (Audit Officer, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-9 |

| | | |
|---|---|---|
| 16 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-10 |
| 17 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് അപകടാവസ്ഥയിൽ -കടമുറികൾ പ്രവൃത്തിക്കുന്നു<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naveen Chandran (Audit Officer, On 04-07-2021) | 1-11 |
| 18 | അപകടാവസ്ഥയിലുള്ള ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-11-1 |
| 19 | കടമുറിയുടെ വാടക ഒടുക്കിയിട്ടില്ല<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-11-2 |
| 20 | തൊഴിൽ നികുതി ഈടാക്കിയില്ല.<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-12 |
| 21 | ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല<br>Written By: Naveen Chandran (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-13 |
| 22 | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ മിനിമം വരിസംഖ്യ കിഴിക്കുന്നില്ല<br>Written By: Subi S (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-14 |
| 23 | കെ.എം.എസ്സ്.സി.എൽ. മുഴുവൻ മരുന്നും വിതരണം ചെയ്തില്ല.<br>Written By: Subi S (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-15 |
| 24 | കരാർ ജീവനക്കാരിയ്ക്ക് പ്രസവാവധി രണ്ടു ദിവസം അധികം അനുവദിച്ചു-1666/-രൂപ തിരിച്ചുപിടിക്കണം<br>Written By: Subi S (Senior Grade Auditor, On 25-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-16 |
| 25 | കറവപ്പശുവിനെ വളർത്തൽ-സബ്സിഡി അധികം നൽകി<br>Written By: Judith Varghese (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-17 |
| 26 | അങ്കണവാടികെട്ടിടങ്ങളുടെ വാടക -ഉടമ്പടികരാർ സൂക്ഷിക്കുന്നില്ല<br>Written By: Judith Varghese (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-18 |
| 27 | ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: Naveen Chandran (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-19 |
| 28 | കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ചു -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല<br>Written By: Naveen Chandran (Audit Officer, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-20 |
| 29 | കൊട്ടേഷൻ/ടെൻഡർ നടപടിക്രമങ്ങളിലെ അപൂർണത<br>Written By: Judith Varghese (Senior Grade Auditor, On 26-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-21 |
| 30 | സമഗ്ര നെൽകൃഷി വികസനം- കൃഷി ഭൂമിയുടെ രേഖകൾ ഹാജരാക്കിയില്ല<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-22 |

| | | |
|---|---|---|
| 31 | സമഗ്ര ജൈവകിഴങ്ങുവിളകൃഷി -ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കി- സബ്സിഡി അധികമായി നല്കി<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-23 |
| 32 | പച്ചക്കറികൃഷി എല്ലാവീട്ടിലും പദ്ധതി -അധികം തുക ചെലവഴിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-24 |
| 33 | പാടശേഖരസമിതിക്ക് ട്രാക്ടർ വാങ്ങൽ -കരാർ വ്യവസ്ഥകളിലേയും നടത്തിപ്പിലേയും അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-25 |
| 34 | ട്യൂബ് വെൽ നിർമ്മാണം- ഡെപ്പോസിറ്റ് ചെയ്ത തുക യിൽ പൂർത്തീകരണശേഷം അധികം നിൽക്കുന്ന തുകതിരികെ ഈടാക്കിയിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-26 |
| 35 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-27 |
| 36 | തെരുവുവിളക്കു പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-28 |
| 37 | ഡെപ്പോസിറ്റ് വർക്ക്- 74,48,793/- രൂപ വിവിധഏജൻസികളിൽ (കെ.എസ്.ഇ.ബി,കെ.ഡബ്ല്യു.എ),ജി.ഡബ്ല്യു.ഡി ) വിവിധ വർഷങ്ങളിലായി നിക്ഷേപിച്ചെങ്കിലും പണി പൂർത്തീകരിച്ചില്ല.<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-29 |
| 38 | പൊതുടാപ്പുകളുടെ വെള്ളക്കരം -ഗാർഹിക കണക്ഷനുകൾ വർദ്ധിക്കുന്നതിനനുസരിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയുന്നതിന് പകരം വർദ്ധിക്കുന്നു.<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-30 |
| 39 | അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വാങ്ങൽ പദ്ധതികളിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-31 |
| 40 | ബഡ്സ് സ്കൂൾപ്രവർത്തനങ്ങൾ - 37601/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-32 |
| 41 | ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിലെ കാലതാമസം<br>Written By: Judith Varghese (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-33 |
| 42 | ദേശീയ തൊഴിലുറപ്പ് പദ്ധതി -അവലോകനം<br>Written By: Naveen Chandran (Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | സബ്സിഡി ആനുകുല്യം അധികം നൽകി-2500/-രൂപ | 3-1 |

| | | |
|---|---|---|
| | നിരാകരിക്കുന്നു<br>Written By: Judith Varghese (Senior Grade Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | |
| 2 | സമഗ്ര ജൈവകിഴങ്ങുവിളകൃഷി -ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കി- സബ്സിഡി അധികമായി നല്കി<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 3-2 |
| 3 | പച്ചക്കറികൃഷി എല്ലാവീട്ടിലും പദ്ധതി -അധികം തുക ചെലവഴിച്ചു.<br>Written By: Padmakumari L (Asst. Audit Officer, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 3-3 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Vishnu Priya K (Auditor, On 28-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Vishnu Priya K (Auditor, On 27-06-2021)<br>Last Updated By: Naseer S (Computer Assistant, On 04-07-2021) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധപത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

14.02.2019 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2020 | 17-07-2020 | - | - |

### 1-2-1 2019-20ലെ അക്കൗണ്ട്സ് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. പ്രോപ്പർട്ടി ടാക്സ് റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ അഡ്വാൻസ് തുകകൾ, അഡ്വാൻസ് അഡ്ജസ്റ്റ്മെന്റ് എന്നിവ അക്കൗണ്ട്സിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2. പ്രോപ്പർട്ടിടാക്സ് റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ അരിയർഡിമാന്റ്, ബാലൻസ് എന്നിവ അക്കൗണ്ട്സുമായി പൊരുത്തപ്പെടുന്നില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഫിക്സഡ് അസ്സറ്റ്സിലെ Land-Others Value നിലവിലും 150000/- ആണ്. ആസ്തികൾക്കായി വിവിധ പ്രോജക്ടുകൾ വഴി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ആസ്തിയിലുൾപ്പെടുത്തി മൂല്യം വർദ്ധിപ്പിച്ചിട്ടില്ല. തൻവർഷ പ്രോജക്ടുകൾ വഴി വാങ്ങിയ ട്രാക്ടർ, വാഷ്ങ് & ഡ്രൈയിങ്ങ് മെഷീൻ എന്നിവയുടെ മൂല്യം ആസ്തിയിലുൾപ്പെടുത്തിയിട്ടില്ല.

4. 2019-20ലെ വാടക രജിസ്റ്റർ പ്രകാരം കടമുറികളുടെ വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ യഥാക്രമം 20640/-, 5624/-, 15016/-എന്നീ തുകകളാണ്. എന്നാൽ അക്കൗണ്ട്സിൽ ഈ തുകകൾ യഥാക്രമം 41100/-, 21682/-, 19418/- എന്നീ തുകകളാണ്.

5. തനത് ഫണ്ടിൽ നിന്നും വിവിധചെലവുകൾക്കായി ചെലവഴിച്ച തുകകൾ സുലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

A. അസി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പിലാക്കിയ 180/20 എന്ന പദ്ധതിയിൽ തനത്ഫണ്ട് 261286/- രൂപ 26-1-20ൽ ചെലവഴിച്ചിട്ടുണ്ടെങ്കിലും സുലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

B. അസി. സെക്രട്ടറി പ്രോജക്ട് ബഡ്സ് സ്കൂൾ, ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതം, തനത് ഫണ്ട് തുക എന്നിവ പൂർണ്ണമായി സുലേഖസ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല.

C. വി.ഇ.ഒയുടെ പദ്ധതിക്കായി 44000/- രൂപ തനത് ഫണ്ടിൽ നിന്നും ചെക്ക് നല്കിയത് ചെലവായി അക്കൗണ്ട്സിലും സുലേഖയിലും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ടി തുകയുടെ ചെലവ് നടന്നത് 2020-21 ലാണ്.

തനത്ഫണ്ടിൽ നിന്നുള്ള 69604/- രൂപ യുടെ ചെലവ് സംസ്ഥാനാവിഷ്കൃത പദ്ധതിചെലവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. ബി 9 ൽ ലയബിലിറ്റിയായി ഉൾപ്പെടുത്തിയ 350200115 & 116,350200199 എന്നിവയിലെ തുകകൾക്കുള്ള ചെലവ് വൗച്ചറുകൾ ഹാജരാക്കിയിട്ടില്ല.

7. ഡി&ഒ.യുടെ രജിസ്റ്റർ ഹാജരാക്കാത്തതിനാൽ അക്കൗണ്ട്സിലെ തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.

8. ലൈഫ് ലോൺ രജിസ്റ്ററിൽ പൂർണ്ണമായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ലാത്തതിനാൽ അക്കൗണ്ട്സിലെ തുകകളുടെ കൃത്യത പരിശോധിച്ചിട്ടില്ല.
9. ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 18702174.5/- രൂപ |
| വരവ് | 92753016/- രൂപ |
| ആകെ | 111455190.5/- രൂപ |
| ചെലവ് | 87991160/- രൂപ |
| നീക്കിയിരിപ്പ് | 23464030.5/- രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 26500/- രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3612617/-രൂപ |

1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | കുറിപ്പ് ക്യൂ ബിൽ ആയി മാറിയ തുകകൾ |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 19899796 | 19899796 | 17275590 | 2624206 | 1824409 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 13496000 | 13496000 | 7447523 | 6048477 | 2947868 |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 0 | 0 | 0 | | |
| ധനകാര്യ കമ്മിഷൻഗ്രാന്റ്(Untied) | 0 | 14677618 | 14677618 | 7940454 | 6737164 | 4391565 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 5094000 | 15094000 | 2532277 | 2561723 | 1445564 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 6082000 | 6082000 | 4269988 | 1812012 | 931006 |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് മിഷൻ-സംസ്ഥാന വിഹിതം | 0 | 10820000 | 10820000 | 10820000 | 0 | 0 |
| കേരളോത്സവം | 0 | 20000 | 20000 | 20000 | 0 | 0 |
| ശുചിത്വമിഷൻ ഗ്രാന്റ് | 844313 | | 844313 | 0 | 844313 | |
| സാക്ഷരത | 4081 | 145 | 4226 | 60 | 4166 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 720684 | 1363165 | 2083849 | 1300000 | 783849 | |
| MNREGS | 2524 | 1037020 | 1039544 | 1038072 | 1472 | |
| സമ്പൂർണ്ണശുചിത്വം | 1320879 | 132000 | 1452879 | 429600 | 1023279 | |

നീക്കിയിരിപ്പ്/ലാപ്സായ തുകയിൽ 2019-20ൽ ക്യൂ ബിൽ ആയ തുക കൂടി ഉൾപ്പെടുന്നു.
കുറിപ്പ് : സ്ഥാപനത്തിൽ നിന്നും ഗ്രാന്റ് പത്രിക തയ്യാറാക്കി സമർപ്പിച്ചില്ല.

1-4-1 ലാപ്സായ തുകയുടെ വിവരം

| ഗ്രാന്റ് | നീക്കിയിരിപ്പ്/ലാപ്സായതുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 2624206 |
| വികസനഫണ്ട്(എസ്.സി.പി) | 6048477 |
| ധനകാര്യകമ്മിഷൻഗ്രാന്റ്(Untied) | 6737164 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 2561723 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 1812012 |
| ആകെ | 19783582 |

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 207 | 138703438 | 102 | 69870441 | 88 | 17 | 50.37% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2524 | 1037020 | 1039544 | 1038072 | 1472 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 19497091 | 19497091 | 19497091 | 0 |

1-7 ക്ഷേമ പദ്ധതികൾ


തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 163080 | 47 |
| കർഷകതൊഴിലാളി പെൻഷൻ | 109200 | 20 |
| വിധവാപെൻഷൻ | 3157200 | 1142 |
| വാർദ്ധക്യകാലപെൻഷൻ | 5118900 | 2157 |
| വികലാംഗപെൻഷൻ | 973900 | 206 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 98400 | 41 |

1-7-1 സാമൂഹ്യ സുരക്ഷ പെൻഷൻ സസ്പെൻ്റ് ചെയ്യുന്നതിന് ഫയൽ തയ്യാറാക്കുന്നില്ല.- അനർഹമായപെൻഷൻ വിതരണത്തിന് സാധ്യത

സാമൂഹ്യ സുരക്ഷ പെൻഷൻ കിട്ടി കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് വിവിധ കാരണങ്ങളാൽ അർഹത ഇല്ലാതാകുന്ന ഘട്ടത്തിൽ സേവന സോഫ്റ്റ് വെയർ വഴി സസ്പെൻഷൻ റിക്വസ്റ്റ് നൽകാവുന്നതാണ്. പ്രസ്തുത 'വിൻഡോ'യുടെ ദൃശ്യം ചുവടെ ചേർക്കുന്നു.




റിക്വസ്റ്റ് നൽകുന്ന തീയതി മുതൽ പ്രസ്തുത ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ ചെയ്യപ്പെടുന്നതാണ്. പെൻഷണറുടെ മരണം മൂലമോ മറ്റെന്തെങ്കിലും കാരണത്താലോ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി മുതൽ പെൻഷൻ സസ്പെൻ്റു ചെയ്യാനുള്ള സംവിധാനം സേവന സോഫ്റ്റ് വെയറിൽ ഇല്ലാത്തതിനാൽ സസ്പെൻ്റ് ചെയ്യപ്പെട്ട തീയതിക്കും അർഹത ഇല്ലാതായ തീയതിക്കും ഇടയിലുള്ള മാസങ്ങളിലെ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടാകാൻ സാധ്യതയുണ്ട്. ഇത് സർക്കാരിന് നഷ്ടം വരുത്തുന്നതിനും അനർഹർ പെൻഷൻ തുക വസൂലാക്കുന്നതിനും ഇടയാക്കും. പെൻഷന് അർഹത ഇല്ലാതെയാകുന്ന തീയതി കണ്ടു പിടിക്കുന്നതിന് നിലവിലുള്ള ഏക മാർഗ്ഗം സസ്പെൻഷൻ റിക്വസ്റ്റിനോടൊപ്പം നൽകുന്ന ഫയൽ നമ്പർ പ്രകാരമുള്ള ഫയലാണ്. എന്നാൽ പെരിനാട് ഗ്രാമ പഞ്ചായത്തിൽ അങ്ങനെ ഫയലുകൾ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ പെൻഷന് അർഹത ഇല്ലാതാകുന്ന തീയതി കണ്ടെത്താൻ സാധിക്കുന്നില്ല. സേവന സോഫ്റ്റ് വെയറിൽ ഫയൽ നമ്പർ ചേർക്കുകയും അതേ നമ്പരിൽ ഫയലുകൾ ഇല്ലാതിരിക്കുകയും ചെയ്യുന്നത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് കണക്കാക്കുന്നു. ഇതു മൂലം അനർഹമായ പെൻഷൻ വിതരണത്തിന് സാധ്യതയുള്ളതിനാൽ തന്നെ ഓഡിറ്റ് വർഷം പെൻഷൻ സസ്പെൻ്റ് ചെയ്യപ്പെട്ട ഗുണഭോക്താക്കളുടെ ഫയൽ തയ്യാറാക്കേണ്ടതും ആയത് പ്രകാരം അനർഹമായ കാലഘട്ടത്തിൽ പെൻഷൻ വിതരണം ചെയ്തിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

**1-7-2 മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനർഹമായ കാലയളവിൽ പെൻഷൻ അനുവദിച്ചു -**

പെരിനാട് ഗ്രാമപഞ്ചായത്തിൽ സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ചുവടെ സൂചിപ്പിക്കുന്ന ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ അനുവദിച്ചതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്തു തുക | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | രത്നമ്മയമ്മ | വാർദ്ധക്യകാലം | 103430200489 | 4.12.19 | 12/19 മുതൽ 5/21- വരെ | 27200 | 12/19 മുതൽ 4/20 വരെയുള്ള പെൻഷൻ തുക 2020 ഏപ്രിൽ മാസത്തിലാണ് അനുവദിച്ചത്. മരണശേഷം കുടിശ്ശിക അനുവദിക്കുമ്പോൾ അവകാശി ക്ലയിം ചെയ്യാതിരുന്നാൽ ആയത് അനർഹമാണ് |
| 2 | ബാഹുലേയൻ.ബി | വാർദ്ധക്യകാലം | 103430202684 | 14.2.20 | 12/19 മുതൽ 4/20- വരെ അതിനുശേഷം അക്കൗണ്ട് ക്ലോസ് ചെയ്തു | 6100 | 12/19 മുതൽ 4/20 വരെയുള്ള പെൻഷൻ തുക 2020 ഏപ്രിൽ മാസത്തിലാണ് അനുവദിച്ചത്. മരണശേഷം കുടിശ്ശിക അനുവദിക്കുമ്പോൾ അവകാശി ക്ലയിം ചെയ്യാതിരുന്നാൽ ആയത് അനർഹമാണ് |
| | | | | | | 33300 | |

2019 വർഷം സർക്കാർ നടപ്പാക്കിയ നിർബന്ധിത മസ്റ്ററിംഗിൽ പങ്കെടുക്കുകയും പിന്നീട് മരണപ്പെട്ടുതുമായ ഗുണഭോക്താക്കൾക്ക് നിലവിൽ അവസാനം അനുവദിച്ച മേയ് 2021 വരെയുള്ള പെൻഷൻ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുക അനർഹർ പിൻവലിച്ചിട്ടുണ്ടോയെന്ന വിവരം ആരും തന്നെ പരിശോധിച്ചിട്ടില്ല. ഓഡിറ്റ് കണ്ടെത്തിയ ഗുണഭോക്താക്കൾ പെരിനാട് ഗ്രാമപഞ്ചായത്തിൽ 19 -20 വർഷം മരണം റിപ്പോർട്ട് ചെയ്യുകയും മരണ സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തവർ മാത്രമാണ്. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ലിസ്റ്റ് ഭാഗികമാണ്.

ധനകാര്യ വകുപ്പിന്റെ 5-11.20 ലെ സർക്കുലർ 67/20 പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അനർഹമായി നൽകിയതായി കണ്ടെത്തിയ 33,300/- രൂപ ബാങ്കിൽ നിന്നോ അനർഹർ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതാണ് .അല്ലാത്തപക്ഷം സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്.

<u>1-7-3 പെൻഷണർ മരണപ്പെട്ട തീയതിയ്ക്കും പെൻഷൻ സസ്പെൻറ് ചെയ്ത തീയതിക്കുമിടയിൽ ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തു. സർക്കാരിന് 1,46,000 രൂപ നഷ്ടം</u>

പെൻഷണർ മരണപ്പെട്ടതിനു ശേഷം അദ്ദേഹത്തിന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ സസ്പെൻ്റ് ചെയ്യുന്നതിൽ കാലതാമസം വന്നതിനാൽ അനർഹമായ കാലയളവിലെ പെൻഷൻ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐ.ഡി. | മരിച്ച തീയതി | പെൻഷൻ സസ്പെൻ്റ് ചെയ്ത തീയതി | അനർഹമായ കാലയളവ് | അനർഹമായ കാലയളവിൽ വിതരണം ചെയ്ത തുക |
|---|---|---|---|---|---|---|---|
| 1 | ശ്രീ. നിരത്തൻ | വാർദ്ധക്യകാല പെൻഷൻ | 103430201696 | 11.4.18 | 22.6.19 | 5/2018 മുതൽ 4/19 വരെ ## | 14400 |
| 2 | ശ്രീ. അയ്യപ്പൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103430200544 | 10.3.18 | 10.3.18 | 4/2018മുതൽ 4/19വരെ ## | 19500 |
| 3 | ശ്രീമതി. ലീലാമ്മ.സി | വാർദ്ധക്യകാല പെൻഷൻ | 103430202114 | 13.11.18 | 30.05.19 | 12/18 മുതൽ 4/19 വരെ ## | 5600 |
| 4 | ശ്രീ. മുരളി.ബി | വാർദ്ധക്യകാല പെൻഷൻ | 103430202496 | 28.2.19 | 30.5.19 | 5/18മുതൽ 4/19 വരെ ## | 5600 |
| 5 | ശ്രീ. മാരിയപ്പൻ | വാർദ്ധക്യകാല പെൻഷൻ | 103430201550 | 28.6.19 | 14.11.19 | 5/19 മുതൽ 7/19 വരെ ## | 3600 |
| 6 | ശ്രീ. സുരേന്ദ്രൻ പിള്ള | വാർദ്ധക്യകാല പെൻഷൻ | 103430202342 | 18.3.19 | 30.10.19 | 5/19 മുതൽ 7/19 വരെ ## | 3600 |
| 7 | ശ്രീ. വിനോദ്കുമാർ | ഭിന്നശേഷി | 103430400176 | 3.1.20 | 14.10.20 | 12/19മുതൽ 9/20 വരെ ## | 12700 |
| 8 | ശ്രീമതി. കുഞ്ഞുപെണ്ണ് | വാർദ്ധക്യകാല പെൻഷൻ | 103430202083 | 8.4.20 | 15.10.20 | 5/20 മുതൽ 9/20വരെ ## | 3000 |
| 9 | ശ്രീ. സദാശിവൻ | വാർദ്ധക്യകാല പെൻഷൻ | 103430200628 | 18.6.20 | 15.10.20 | 7/20മുതൽ 9/20 വരെ ## | 4000 |
| 10 | ശ്രീ. മുരളീധരൻ | വാർദ്ധക്യകാല പെൻഷൻ | 103430202341 | 19.01.20 | 14.10.20 | 12/19മുതൽ 9/20 വരെ ## | 12700 |

| | | | | | | | |
|---|---|---|---|---|---|---|---|
| 11 | ശ്രീ. ശിവദാസൻ | വാർദ്ധക്യകാല പെൻഷൻ | 103430200997 | 20.12.19 | 14.10.20 | 12/19മുതൽ 9/20 വരെ ## | 15000 |
| 12 | ശ്രീമതി. കുഞ്ഞുപെണ്ണ് | വാർദ്ധക്യകാല പെൻഷൻ | 103430200487 | 7.1.20 | 14.10.20 | 12/19 മുതൽ 9/20വരെ ## | 6000 |
| 13 | ശ്രീമതി. മീരാസാഹിബ് | വാർദ്ധക്യകാല പെൻഷൻ | 103430200742 | 6.3.19 | 12.06.20 | 12/19 മുതൽ 7/19വരെ ## | 12000 |
| 14 | ശ്രീ. നോബർട്ട്.ജെ | വാർദ്ധക്യകാല പെൻഷൻ | 103430202108 | 31.1.20 | 14.10.20 | 12/19മുതൽ 9/20 വരെ ## | 12700 |
| 15 | ശ്രീമതി. ലക്ഷ്മിക്കുട്ടി | വിധവ പെൻഷൻ | 103430600443 | 14.3.20 | 14.10. 20 | 12/19 മുതൽ 9/20വരെ ## | 6000 |
| 16 | ശ്രീ. കുഞ്ഞുകുഞ്ഞു | വാർദ്ധക്യകാല പെൻഷൻ | 103430202083 | 8.4.20 | 15.10.20 | 5/20 മുതൽ 9/20വരെ ## | 3000 |
| 17 | ശ്രീമതി. കരുണാവതി | വിധവ പെൻഷൻ | 103430600975 | 30.5.20 | 15.10.20 | 5/20 മുതൽ 9/20വരെ ## | 6600 |
| | | | | | | ആകെ | 1,46,000 |

## 12/19 മുതൽ 4/20 വരെയുള്ള പെൻഷൻ തുക 2020 ഏപ്രിൽ മാസത്തിലാണ് അനുവദിച്ചത്. മരണശേഷം കുടിശ്ശിക അനുവദിക്കുമ്പോൾ അവകാശി ക്ളയിം ചെയ്യാതിരുന്നാൽ ആയത് അനർഹമാണ്. ഇതേപോലെ മരിച്ച തീയതിയ്ക്ക് ശേഷം കുടിശ്ശിക അനുവദിച്ച സാഹചര്യങ്ങളിലെല്ലാം ആയത് ബാധകമാണ്.

ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരണശേഷം അനുവദിച്ച പെൻഷൻ തുക 1,46,000/- രൂപ ബാങ്കിൽ നിന്നോ, അക്കൗണ്ടിലെ തുക അവകാശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ അവരിൽ നിന്നോ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

<u>1-7-4 മരണപ്പെട്ട/അർഹത ഇല്ലാതായ ഗുണഭോക്താക്കളുടെ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചു . തിരിച്ചടവ് ഉറപ്പാക്കണം</u>

സാമൂഹ്യപെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറിലും 2019-20 വർഷത്തെ

പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചപ്പോൾ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചതായി കാണുന്നു. വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് അനുവദിച്ചിട്ടുണ്ടെങ്കിലും തുക വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ ചേർത്തിട്ടുണ്ട്. അനർഹമായവരെ സഹകരണ ബാങ്കുകൾ യഥാസമയം ഒഴിവാക്കുകയോ ഒഴിവാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളെ അറിയിക്കുകയോ ചെയ്യാത്തതിനാലാണ് ഈ സാഹചര്യം ഉണ്ടായിട്ടുള്ളത്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 14/24.6.21ൽ 2019 -20 വർഷം അനർഹമായതിനാൽ പെൻഷൻതുക വിതരണം ചെയ്യാത്ത ഗുണഭോക്താക്കളുടെ ലിസ്റ്റ് സഹകരണ ബാങ്കുകളിൽ നിന്നും ശേഖരിച്ച് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നെങ്കിലും ആയത് സമർപ്പിച്ചില്ല. ധനകാര്യ വകുപ്പിൻ്റെ 5-11.20 ലെ സർക്കുലർ 67/20, പ്രകാരം ഗുണഭോക്താക്കളെ സമയബന്ധിതമായി ലിസ്റ്റിൽ നിന്നും ഒഴിവാക്കാത്ത പക്ഷം അത് മൂലമുണ്ടാകുന്ന നഷ്ടം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിന്ന് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 16.06.21 ലെ 6809/2020 സർക്കുലർ പ്രകാരം എല്ലാ മാസവും 20 ആം തീയതിക്കകം 'ഡയറക്ട് ഹോം' രീതിയിൽ വിതരണം ചെയ്യുന്ന ഗുണഭോക്താക്കളിൽ 'Deceased' എന്നു കാണിച്ചിട്ടുള്ളവരുടെ പെൻഷൻ വിശദമായ അന്വേഷണത്തിലൂടെ സസ്പെൻ്റ് ചെയ്യേണ്ടതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പെൻഷൻ നേരിട്ട് വിതരണം നടത്തുന്ന ഗുണഭോക്താക്കളിൽ അനർഹരായി റിപ്പോർട്ട് ചെയ്യപ്പെടുന്ന എല്ലാവരുടെയും പെൻഷൻ ഉടൻ പ്രാബല്യത്തിൽ സസ്പെൻ്റ് ചെയ്യേണ്ടതാണ്. ഒപ്പം വിതരണം ചെയ്യാത്ത തുക സർക്കാരിലേക്ക് തിരിച്ചടച്ചതിന്റെ കൃത്യത ഉറപ്പാക്കേണ്ടതുമാണ്.

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2021ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5156/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ക്യാഷ്ചെസ്റ്റിൽ ഉണ്ടായിരുന്ന 21.06.2021 ലെ കളക്ഷൻ തുകയായ 7233/- രൂപയുടെ കൃത്യതയും ബോധ്യപ്പെട്ടു.

എന്നാൽ ക്യാഷ്ബുക്ക് സമ്മറിയിൽ 891712/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ചെലവുകൾ രേഖപ്പെടുത്തിയതിലുണ്ടായ പിശകുകളും, കോൺട്രാഎൻട്രികൾ വരുത്താൻ വിട്ടുപോയതുമാണ് ഇത്തരത്തിൽ വ്യത്യാസം വന്നതെന്നാണ് അക്കൌണ്ടന്റ് നൽകിയ വിശദീകരണം. ILGMS സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ള അക്കൌണ്ടിംഗ് ആയതിനാൽ പെന്റിംഗ് ജോലികൾ ചെയ്യുന്നതിനുള്ള സൌകര്യം സോഫ്റ്റ്‌വെയറിൽ ലഭ്യമാകുന്നമുറയ്ക്ക് കണക്കുകളിൽ കൃത്യത വരുത്തുന്നതാണെന്ന് അക്കൗണ്ടൻ്റ് അറിയിച്ചിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൗണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പെയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് അംഗീകരിക്കുന്നു.

പഞ്ചായത്തിൻറെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി നികുതികൾ കൃത്യമായി ഈടാക്കേണ്ടതുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ കരാർ പ്രവർത്തികൾ ഏറ്റെടുത്ത് നടത്തിയവരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത്തരം വീഴ്ചകൾ പഞ്ചായത്തിന്റെ വരുമാന നഷ്ടത്തിന്

കാരണമാകുന്നുണ്ട്.

2020-21 സാമ്പത്തികവർഷം മുതൽ ഗ്രാമപഞ്ചായത്തിൽ ഇൻറഗ്രേഷൻ സോഫ്റ്റ്‌വെയറായ ഐ.എൽ.ജി.എം.എസ് എന്ന സോഫ്റ്റ്‌വെയറാണ് ഉപയോഗിച്ച വരുന്നത്. ഐ.എൽ.ജി.എം.എസ് സോഫ്റ്റ്‌വെയറിൽ Reconciliation ചെയ്യുന്നതിനുള്ള ഓപ്ഷൻ നിലവിലില്ല. അതിനാൽ പഞ്ചായത്തിന്റെ വരവുകളുടെയും ഒടുക്കുകളുടെയും പരിശോധന 31.03.2020 വരെ മാത്രമേ നടത്താൻ കഴിഞ്ഞിട്ടുള്ളൂ.

ആസ്തി രജിസ്റ്റർ കാലികമല്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്ന എൺട്രികൾ ഏത് വർഷവുമായി ബന്ധപ്പെട്ടതാണെന്ന് കൃത്യമായി രേഖപ്പെടുത്തുന്നില്ല.(ഖണ്ഡിക 1-13 കാണുക )
റോഡ്കണക്ടിവിറ്റി പ്ലാൻ, സോഷ്യൽമാപ്പ് എന്നിവ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം മിവവുറ്റതാക്കുന്നതിന് അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.ഫ്രണ്ട് ഓഫീസ് ഡയറിയിലെ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്.

മരാമത്ത് പ്രവൃത്തികളുമായി ബന്ധപ്പെട്ട കരാറുകളിൽ E-ടെണ്ടർ ഒഴികെയുള്ളവയിൽ നിർവ്വഹണ കാലാവധി ഉൾപ്പെടുത്താത്തത് വീഴ്ചയാണ്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകളുടെ സഹായത്തോടെ ആവിഷ്കരിച്ച്, ആസൂത്രണസമിതിയുടെ അംഗീകാരം നേടി ഏറ്റെടുക്കുന്ന പദ്ധതികൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറികിട്ടിയ വിവിധ സ്ഥാപനങ്ങളുടെ ഉദ്യോഗസ്ഥർ മുഖേനയാണ് നിർവ്വഹണം നടത്തുന്നത്. മേഖലാടിസ്ഥാനത്തിൽ അതാത് മേഖലയിലെ വർക്കിംഗ് ഗ്രൂപ്പാണ് പദ്ധതി നിർവ്വഹണഘട്ടത്തിലെ മോണിറ്ററിംഗ് നടത്തേണ്ടത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ പദ്ധതികളിലൊന്നും വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തിയിട്ടില്ല.

ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച്,നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ ആഭ്യന്തരനിയന്ത്രണ സംവിധാനം നിലനിൽക്കുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

04/2020 മുതൽ 12/2020 വരെയുള്ള കാലയളവിലെ പെർഫോമൻസ് ഓഡിറ്റിന്റെ ഓഡിറ്റ് 22.01.2021 ൽ നടന്നു. 19.03.2021- ൽ റിപ്പോർട്ട് ലഭിച്ചു.

2014-2015 മുതൽ 2019-2020 വരെയുള്ള കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് 23.06.2020 മുതൽ 03.07.2020 വരെ നടന്നു. 27.08.2020 ൽ റിപ്പോർട്ട് ലഭിച്ചു. ലഭിച്ച റിപ്പോർട്ടിൻ മേൽ സ്ഥാപനം തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

<u>1-11 ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സ് അപകടാവസ്ഥയിൽ -കടമുറികൾ പ്രവൃത്തിക്കുന്നു</u>

ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ നിലവിലെ അവസ്ഥ , കടമുറികളുടെ പ്രവർത്തനം ,വാടക കുടിശ്ശിക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>1-11-1 അപകടാവസ്ഥയിലുള്ള ഗ്രാമപഞ്ചായത്ത് കെട്ടിടത്തിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു</u>

കാലപ്പഴക്കം മൂലം അപകടാവസ്ഥയിലായിട്ടുള്ള ചെറുമൂട് ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിടത്തിൽ അനധികൃതമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ചെറുമൂട് ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന

കെട്ടിടത്തിന്റെ ഉദ്ഘാടന ഫലകത്തിൽ നിന്നും കെട്ടിടത്തിന് 42 വർഷത്തെ പഴക്കം ഉണ്ടെന്ന് മനസ്സിലാകുന്നു എന്നും കെട്ടിടത്തിന്റെ കോൺക്രീറ്റ് മേൽക്കൂരയുടെ അടിഭാഗത്തും പലയിടങ്ങളിലും കോൺക്രീറ്റ് ഇളകി വീഴുകയും കമ്പി തുരുമ്പ് പിടിച്ച് തെളിഞ്ഞു കാണുന്ന അവസ്ഥയിലുമായതിനാൽ ഈ അവസ്ഥയിൽ ടി കെട്ടിടം വാണിജ്യ ആവശ്യങ്ങൾക്കോ മറ്റ് ആവശ്യങ്ങൾക്കോ നൽകുന്നതിന് അൺഫിറ്റ് ആണെന്നും അസ്സിസ്റ്റന്റ് എഞ്ചിനിയറുടെ 29.01.2019 ലെ 1/AE/LSGD/PND/FIT നമ്പർ അൺഫിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. 27.05.2019ലെ പി1-2990/19 നമ്പർ കത്തു പ്രകാരം കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി കെട്ടിടത്തിലെ XIX/444 മുതൽ 453 വരെയുള്ള 10 കടമുറികളുടെയും XIX/643 മുതൽ 652 വരെയുള്ള കടമുറികളുടെയും വാല്യൂവേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്ന് അസ്സിസ്റ്റന്റ് എഞ്ചിനിയർക്ക് കത്ത് നൽകിയിട്ടുണ്ട്. ആയതനുസരിച്ച് 26783/- രൂപയുടെ വാല്യൂവേഷൻ എടുത്ത് നൽകിയിട്ടുണ്ട്. എന്നാൽ 22.06.2021 ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി കെട്ടിടത്തിൽ മൂന്നുകടമുറികളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്.








A.R ട്രേഡേഴ്സ്എന്ന പേരിൽ പലചരക്ക് കട, സിമന്റ് കട എന്നിവയും, SMR ടെക്സ്റ്റയിൽസ് എന്ന പേരിൽ തുണിക്കടയും പ്രവർത്തിച്ചുവരുന്നു. കച്ചവടക്കാർക്കും പൊതുജനങ്ങൾക്കും ഭീഷണിയായി നിൽക്കുന്ന കെട്ടിടത്തിൽ നിലവിലും കടകൾ പ്രവർത്തിക്കുന്നതിന് അനുവാദം നൽകിയിരിക്കുന്നതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് അസ്സിസ്റ്റന്റ് എഞ്ചിനിയർ അൺഫിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിനെ തുടർന്ന് 01.03.2019, 22.08.2019 തീയതികളിൽ നോട്ടീസ് നൽകുകയും വ്യാപാരികളെ ഓഫീസിൽ നേരിട്ട വിളിച്ചുവരുത്തി ടി വിവരം ബോദ്ധ്യപ്പെടുത്തിയിട്ടുള്ളതാണെന്നും മറുപടി നൽകി. ലോക്ക്ഡൌൺ ആയതിനാൽ ഓഫീസ് കാര്യക്ഷമമായി പ്രവർത്തിക്കാത്ത സാഹചര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞില്ല എന്നും 15 ദിവസത്തിനുള്ളിൽ വ്യാപാരികളെ ഒഴിപ്പിക്കുന്നതിനും അതിനെ തുടർന്ന് കെട്ടിടം പൊളിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഭീഷണിയായി നിൽക്കുന്ന കെട്ടിടം അടിയന്തിരമായി പൊളിച്ചുനീക്കി അപകടസാധ്യത ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 1/23.06.2021

<u>1-11-2 കടമുറിയുടെ വാടക ഒടുക്കിയിട്ടില്ല</u>

2019-20 വർഷം മൂന്ന് കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. വാടക രജിസ്റ്ററിൽ 653 C, 653 D, 653B എന്നാണ് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ നമ്പർ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവയിൽ വിമല ഡോനൽ എന്ന വ്യക്തി വാടകയ്ക്ക് എടുത്തിരിക്കുന്ന 653 B കടമുറിയുടെ വാടക ഒടുക്കിയിട്ടില്ല. 342/- രൂപ നിരക്കിലാണ് കടമുറി വാടകയ്ക്ക് നൽകിയിരിക്കുന്നത്. ഇപ്രകാരം 4104/- രൂപയുടെ വാടക കുടിശ്ശിക നിലനിൽക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ വാടക കുടിശ്ശിക ഈടാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. വാടക ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്ത പക്ഷം സെക്രട്ടറിയുടെ ബാധ്യതയായി കണക്കാക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി 1/23.06.2021

<u>1-12 തൊഴിൽ നികുതി ഈടാക്കിയില്ല.</u>

ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

A. വെള്ളിമൺ സർവ്വീസ് സഹകരണ ബാങ്ക്, ചെറുമൂട് ശാഖ

B. വെള്ളിമൺ സർവ്വീസ് സഹകരണ ബാങ്ക്, നാന്തിരിക്കൽ ശാഖ

C. വെള്ളിമൺ സർവ്വീസ് സഹകരണ ബാങ്ക്, നീതിസ്റ്റോർ

D. ചെമ്മക്കാട് ക്ഷീരോത്പ്പാദക സഹകരണസംഘം

E. നാന്തിരിക്കൽ ക്ഷീരോത്പ്പാദക സഹകരണസംഘം

F. ഇടവട്ടം ക്ഷീരോത്പ്പാദക സഹകരണസംഘം

G. ചെറുമൂട് ICUCS

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വരും വർഷങ്ങളിൽ നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്. 2019-20 വർഷത്തെ കുടിശ്ശിക ഉൾപ്പെടെ ഈടാക്കി അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി – 16/24.06.2021

1-13 ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. ഡബിൾ എൻട്രി അകൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളാൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്.

ആസ്തി രജിസ്റ്ററിൽ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.

മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 ) നിഷ്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിൽ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ, കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എൽ.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല.

തൻ വർഷം അസി. എൻജിനീയർ നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ രേഖകൾ പരിശോധിച്ചതിൽ ആസ്തികളുടെ യൂണീക്ക് ഐഡി നമ്പർ 1 എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആസ്തി രജിസ്റ്റർ പരിശോധിച്ച് അവ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കാതെ നടത്തുന്ന പ്രവൃത്തികൾ നിയമ നടപടികളിലേയ്ക്ക് പോകുന്ന സാഹചര്യമുണ്ട്. അതിനാൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

2019-2020 സാമ്പത്തിക വർഷത്തിൽ ഗ്രാമ പഞ്ചായത്ത് കമ്മറ്റി, ആസ്തികൾ സംബന്ധിച്ച്, താഴെ രേഖപ്പെടുത്തിയ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

1. തീയതി-07.05.2019, അജണ്ട 9- തീരുമാനം.1

ഗ്രാമപഞ്ചായത്തിലെ 18 ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിനടുത്തുള്ള കുളം സ്ഥിതി ചെയ്യുന്ന ഭൂമി 8.5 സെൻറ് സ്ഥലത്താണ് സർവ്വെ പ്രകാരം സ്ഥിതി ചെയ്യുന്നത്. ആയത് അളന്ന് തിട്ടപ്പെടുത്തുന്നതിന് ബഹു തഹസീൽദാറിനോട് ആവശ്യപ്പെട്ട് അംഗീകരിച്ച തീരുമാനിച്ചു .

2. തീയതി -06.06.2019 അജണ്ട നൻ.9-തീരുമാന നമ്പർ :- 8
ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ കത്ത് പ്രകാരം പെരിനാട് ഗ്രാമ പഞ്ചായത്തിലെ ചന്ദനത്തോപ്പ് ഐ.റ്റി.ഐ - കടുവാച്ചിറ റോഡ്, വില്ലേജ് ജംഗ്ഷൻ കാട്ടുവിള റോഡ് എന്നിവയുടെ നിർമ്മാണം ബ്ലോക്ക് മുഖേന നടപ്പിലാക്കിയിട്ടുള്ളതിനാൽ ആയത് ആസ്തി രജിസ്റ്ററിൽ അപ്ഡേറ്റ് ചെയ്യുന്നതിന് എ.ഇ. എൽ.എസ്.ജി.ഡി യെ ചുമതലപ്പെടുത്തി അംഗീകരിച്ച തീരുമാനിച്ചു.

3. തീയതി-18.07.2019 , അജണ്ട നം. 5 - തീരുമാനം. നം. 6
പെരിനാട് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെടുന്ന ചുവടെ പറയുന്ന റോഡുകൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് എ.ഇ, എൽ . എസ്.ജി.ഡി യെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

1) നാട്ടുവാതുക്കൽ-സുപ്രീം റോഡ് 4 മീറ്റർ വീതി, 200 മീറ്റർ നീളം 2) മുള്ളൂട്ടിൽ-തെങ്ങുവിള റോഡ് 80 മീറ്റർ നീളം, 3 മീറ്റർ വീതി 3) പാലവിള മുതൽ റെയിൽവേ സമാന്തര റോഡ് 200 മീറ്റർ നീളം, 3 മീറ്റർ വീതി, വാർഡ് 8 കേരളപുരം.

4. തീയതി-15.02.2020, അജണ്ട നം. 12- തീരുമാനം. നം.18
ചിറ്റുമല ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ 28/01/2020 തീയതിയിലെ സി3-1992/18 നമ്പർ കത്ത് പ്രകാരം 2016-17 ൽ ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ പാലവിള മാടത്തിൽ റോഡ് 200 മീറ്റർ കോൺക്രീറ്റിംഗ്, 2017-18 ൽ 15-ാം വാർഡിലുള്ള ഐ.ടി.ഐ ചന്ദനത്തോപ്പ് റോഡ് റീ ടാറിംഗ്ആന്റ് ഇന്റർ ലോക്കിംഗ് എന്നീ പ്രവർത്തികൾ ബ്ലോക്ക് പഞ്ചായത്ത് നിർവ്വഹണം ചെയ്ത സാഹചര്യത്തിൽ ആയത് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് എ.ഇ യെ ചുമതലപ്പെടുത്തി അംഗീകരിച്ച് തീരുമാനിച്ചു.

5. തീയതി-15.02.2020 ,അജണ്ട നം. 12-തീരുമാനം. നം.21
പെരിനാട് ഗ്രാമപഞ്ചായത്തിലെ വാർഡ് 3 ൽ ഉൾപ്പെട്ട പഞ്ചായത്ത് വക റോഡുകളായ ബ്ലാവേത്ത് പുലിയോരം രോഡ്, ഓലിക്കര മേലതിൽ ഭാഗം റോഡ്, മുകളുവില രോഡ് എന്നിവ ആസ്തിയിൽ ഉൾപ്പെടുത്തണമെന്ന് വാർഡ് മെമ്പർ ആവശ്യപ്പെട്ട സാഹചര്യത്തിൽ ആസ്തി രജിസ്റ്റർ പരിശോധിച്ച് ടി റോഡുകൾ ഉൽപ്പെട്ടിട്ടില്ലായെങ്കിൽ ആയത് ഉൾപ്പെടുത്തുന്നത് അംഗീകരിച്ച് തീരുമാനിച്ചു.

മേൽ തീരുമാനങ്ങളുടെ തുടർ നടപടികളുടെ വിശദാംശങ്ങൾ തേടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, അസി. എൻജിനീയർ, എൽ.എസ്.ജി.ഡി എന്നിവർക്ക് ആഡിറ്റ് അന്വേഷണം നൽകി. ഇതിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകിയില്ല. ആസ്തി രജിസ്റ്ററിൽ ചേർക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അസി. എൻജിനീയർ രേഖാമൂലം അറിയിച്ചു.
ഗ്രാമപഞ്ചായത്ത് കമ്മിറ്റി നിർദ്ദേശങ്ങൾ സമയ ബന്ധിതമായി പാലിയ്ക്കുന്നുവെന്ന് പരിശോധിക്കുന്നതിൽ ചുമതലപ്പെട്ടവർ വീഴ്ചവരുത്തിയിട്ടുണ്ട്. ടി വിഷയം ഭരണ സമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.
ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിയ്ക്കുന്നതിന് ചുമതലപ്പെട്ടവർ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കാലികമാക്കിയ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം : 11/22.06.2021

1-14 ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതിയിൽ മിനിമം വരിസംഖ്യ കിഴിക്കുന്നില്ല

സർക്കാർ ജീവനക്കാരുടെ സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതിയിൽ സർക്കാർ ഉത്തരവ് (പി).149/16.ധന, തീയതി 4-10-16 പ്രകാരമുള്ള മിനിമം വരിസംഖ്യ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും കിഴിക്കേണ്ടതാണ്. എന്നാൽ ഓഡിറ്റ് കാലയളവിൽ താഴെ പറയുന്ന ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മിനിമം വരിസംഖ്യ കിഴിച്ചതായി കാണുന്നില്ല.

| ക്രമ നമ്പർ | ജീവനക്കാരുടെ പേര് | നിലവിലെ വരിസംഖ്യ | മിനിമം വരിസംഖ്യ |
|---|---|---|---|
| 1 | ബീനാ രാജൻ. സി, സീനിയർ ക്ലാർക്ക് | 250 | 300 |
| 2 | ജോസ് ഗബ്രിയേൽ, സീനിയർ ക്ലാർക്ക് . | 200 | 300 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 8/23.6.21 ന് നല്കിയ മറുപടിയിൽ ഈ ജീവനക്കാർ മറ്റ് ഓഫീസുകളിലേക്ക് സ്ഥലം മാറിയിട്ടുള്ളതായി സൂചിപ്പിച്ചിട്ടുണ്ട് . ഈ ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും മിനിമം വരിസംഖ്യ നിർബന്ധമായും പിടിക്കേണ്ട വിവരം നിലവിൽ ജോലിയിലുള്ള സ്ഥാപനത്തെ അറിയിക്കേണ്ടതും ആ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നം.8/24.06.2020

1-15 കെ.എം.എസ്സ്.സി.എൽ. മുഴുവൻ മരുന്നും വിതരണം ചെയ്തില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ മരുന്നും ഉപകരണവും വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് മുൻകൂർ പണം നൽകിയിരുന്നെങ്കിലും ചുവടെ സൂചിപ്പിക്കുന്ന പ്രകാരം മരുന്നുകൾ വിതരണം നടത്താൻ ശേഷിക്കുന്നു.

| ക്രമ നം. | പ്രോജക്ട് | പ്രൊർമ ഇൻവോയ്സ് | ഒടുക്കിയ തുക | വിതരണം ചെയ്ത മരുന്നിന്റെ മൂല്യം | ബാലൻസ് | ബീൽ നം. |
|---|---|---|---|---|---|---|
| 1 | പാലിയേറ്റീവ് കെയർ പദ്ധതി 14/20 മരുന്ന് വാങ്ങൽ | 2892/2-12-19 | 400000 | 304093 | 95907 | 25/19-20 തീ.13.12.19 |
| 2 | പാലിയേറ്റീവ് കെയർ പദ്ധതി 14/20 ഉപകരണങ്ങൾ വാങ്ങൽ | 2283/2-12-19 | 126476 | 121578 | 4898 | 21/19-20 തീ.19.11.19 |
| 3 | ജിവിത ശൈലീ രോഗനിയന്ത്രണം 24/20 | 2296/11-11-19 | 500000 | 495879 | 4121 | 27/19-20തീ.13.12.19 |
| 4 | പി.എച്ച്സിയ്ക്ക് മരുന്ന് വാങ്ങൽ 26/20 | 2470/18-11-19 | 200000 | 82897 | 117103 | 28/19-20 തീ.19.12.19 |
| | | | | ആകെ | 222029 | |

ലഭിക്കാനുള്ള മരുന്ന് ലഭ്യമാക്കാനെടുത്ത നടപടികൾ വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-9/23-6-21 നുള്ള മറുപടിയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ നിരവധി തവണ കെ.എം.എസ്സ്.സി.എൽ.ന് കത്ത് നൽകിയതായി കാണുന്നു. മരുന്നും ഉപകരണങ്ങളും പൂർണ്ണമായി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 കരാർ ജീവനക്കാരിയ്ക്ക് പ്രസവാവധി രണ്ടു ദിവസം അധികം അനുവദിച്ചു-1666/-രൂപ തിരിച്ചുപിടിക്കണം

എം.ജി.എൻ.ആർ.ജി.എസ്സ്. അക്രഡിറ്റഡ് എഞ്ചിനീയർ ആയിരുന്ന ശ്രീമതി. കാർത്തിക സത്യന് 16-10-2018 മുതൽ 15-4-2019 വരെ 182 ദിവസത്തെ പ്രസവാവധി അനുവദിച്ചിട്ടുണ്ട്. കരാർ ജീവനക്കാർക്ക് കെ.എസ്.ആർ പാർട്ട് 1റൂൾ 100 പ്രകാരമുള്ള പ്രസവാവധി അനുവദനീയമാണെന്ന് 4-1-2021 ലെ സർക്കാർ ഉത്തരവ് (പി) 2/21 ൽ സൂചിപ്പിച്ചിട്ടുണ്ട്. [ഉത്തരവിന്റെ പ്രാബല്യം 27-2-2018 മുതൽ ]. എന്നാൽ റൂൾ 100 പ്രകാരമുള്ള പ്രസവാവധി പരമാവധി 180 ദിവസം മാത്രമാണ്. പ്രസ്തുത ജീവനക്കാരിയ്ക്ക് പ്രസവാവധി അനുവദിച്ചുകൊണ്ടുള്ള ഓഫീസ് ഉത്തരവും ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയും നൽകിയില്ല. ആകെയാൽ ശ്രീമതി. കാർത്തിക സത്യന് ഏപ്രിൽ 2019 ലെ ശമ്പളത്തിൽ ( വൗച്ചർ നം. 21900366 തീ. 12.7.19, 25000/- രൂപ) അധികമായി അനുവദിച്ച 2 ദിവസത്തെ വേതനം 1666/- രൂപ [25000/30x2] തിരികെ പിടിച്ച് ബന്ധപ്പെട്ട ശീർഷകത്തിൽ അടവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി - 7/23.6.21

നിരാകരണം - 1666/- രൂപ.

<u>1-17 കറവപ്പശുവിനെ വളർത്തൽ-സബ്സിഡി അധികം നൽകി</u>

പ്രോജക്ട് നം – 158

പൊതുവിഭാഗം സാധാരണ വിഹിതം അടങ്കൽതുക – 55000/-

ചെലവഴിച്ച തുക - 55000/-

ബിൽ നം - 3/2019, തുക – 55000/-, തീയതി – 21/5/19

ഡയറി ഫാം ഇൻസ്പെക്ടർ നിർവഹണഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽഓവറായി നടത്തിയ പദ്ധതിയാണ് കറവപ്പശുവളർത്തൽ. പ്രസ്തുത പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കാണ് പശുവിനെ വാങ്ങി നൽകിയത്. ഗുണഭോക്താക്കളിൽ ഒരാളായ വിമല, ടെസ്സിനിവാസ് എന്നവ്യക്തിവാങ്ങിയ പശുവിനെ ഇൻഷൂർ ചെയ്തിരിക്കുന്നത് 50000/- രൂപക്കാണ്. 50%സബ്സിഡി ആനുകൂല്യമുള്ള പദ്ധതിയിൽ പശുവിനെ വിറ്റ വ്യക്തിക്ക് 25000/-രൂപ നൽകുന്നതിന് പകരം 27500/- രൂപ നൽകിയിരിക്കുന്നു. 2500/- രൂപ അധികം നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഗുണഭോക്താവിന്റെ പക്കൽ നിന്ന് ലഭ്യമാക്കി യഥാഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം അത് നിർവഹണഉദ്യോഗസ്ഥന്റെ ബാധ്യതയായിപരിഗണിക്കുന്നതാണ്

ഓഡിറ്റ് എൻക്വയറി നം- 13/20/6/21

<u>1-18 അങ്കണവാടികെട്ടിടങ്ങളുടെ വാടക -ഉടമ്പടികരാർ സൂക്ഷിക്കുന്നില്ല</u>

പ്രോജക്ട് നം - 102

റോഡിതരം അടങ്കൽ തുക – 30000/-

ചെലവഴിച്ച തുക – 10000/-

ബിൽ നം-8, തുക - 8000/-, തീയതി – 18/7/19

ബിൽ നം-14, തുക - 2000/-, തീയതി - 2/9/19

2019-20 സാമ്പത്തിക വർഷം ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ പദ്ധതിയാണ് അങ്കണവാടി കെട്ടിടങ്ങളുടെ വാടക. പ്രസ്തുത പദ്ധതിയുടെ ഫയൽ പരിശോധനയിൽ ശ്രീദേവി, സതീദേവി അമ്മ, സുനിത, ശോഭ പി. എൽ. എന്ന വ്യക്തികൾക്ക് വാടകയിത്തിൽ 10000/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധനയിൽ വാടക സ്വീകരിക്കുന്നതിന്റെ കൈപ്പറ്റ് രസീത് മാത്രമാണ് സമർപ്പിച്ചിരിക്കുന്നത്. അംഗീകൃത P.W.Dനിശ്ചയിക്കുന്ന വാടക നിരക്ക് സംബന്ധിച്ച ഫയൽ, ഉടമ്പടി കരാർ എന്നിവ സൂക്ഷിച്ചിട്ടില്ല. പ്രസ്തുത പരാമർശങ്ങൾ ആരാഞ്ഞു നൽകിയ എൻക്വയറിക്ക്

ലഭ്യമാക്കിയ മറുപടിയിൽഅങ്കണവാടിയുടെ ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ട്. വാല്യവേഷൻ സർട്ടിഫിക്കറ്റ്, ഉടമ്പടികരാർ എന്നീ മതിയായ രേഖകൾ ലഭ്യമാക്കി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 5 തീയതി – 23/6/21

1-19 ഇ-ടെണ്ടർ മുഖേനയുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല

ഇ- ടെണ്ടർ ക്ഷണിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വില ഇനത്തിൽ ലഭിച്ച 20,650/- രൂപ (2016-17 സാമ്പത്തിക വർഷം മുതൽ 2019-2020 വരെ) കൊല്ലം ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഒടുക്കിയിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് നാളിതു വരെ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ലാത്തതിനാൽ ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും രേഖ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

1-20 കരാർ കാലാവധിയ്ക്ക് ശേഷം നിർമ്മാണം പൂർത്തീകരിച്ച -അന്തിമ ബില്ലിൽ നിന്നും Compensation For Delay Charges ഈടാക്കിയില്ല

പ്രോജക്ട് നം. 163/20 –പതിനേഴാം വാർഡിൽ അംഗൻവാടി കെട്ടിട നിർമ്മാണം
നിർവ്വഹണ ഉദ്യോഗസ്ഥൻ : അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജി.ഡി
പേര് - ശ്രീമതി അജില എൽ
അടങ്കൽ തുക - 9,05,415/ രൂപ – (ധനകാര്യ കമ്മീഷൻ അവാർഡ് )
ചെലവ് തുക – 8,60,598/- രൂപ
കരാറുകാരൻ - ശ്രീ. അൻഷർ എസ്., കുന്നുപുറത്ത് കിഴക്കതിൽ, തെക്കേച്ചേരി, കാഞ്ഞാവെളി പി.ഒ
എഗ്രിമെന്റ് നം. 31/AE/എൽ.എസ്.ജി.ഡി/പി.എൻ.ഡി./18-19/29.10.2018
ടി.എസ്. നം. 25966/18-19 തീ. 30.05.18
എം.ബുക്ക് നം. 12, 14, 31/18-19
ബിൽ നം. 298/25.02.2020
എഗ്രീഡ് പി.എ.സി. - 8,62,301/- രൂപ
പ്രവൃത്തിമൂല്യം : 8,60,598/- രൂപ
പ്രവൃത്തിയ്ക്ക് അനുവദിച്ച സമയം – 6 മാസം
പ്രവൃത്തി ആരംഭിച്ച തീയതി : 29.10.2018
പ്രവൃത്തി പൂർത്തീകരിച്ച തീയതി : 30.12.2019
കരാർ പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ട തീയതി – 28.04.2019
വൈകിയ കാലയളവ് : 246 ദിവസം
കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക, അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ.
അതിനാൽ ഈടാക്കേണ്ട ഫൈൻ : 30,181/- രൂപ (8,62,301/- രൂപ X.1%=862.30 രൂപ X 35 ആഴ്ച )
കരാറുകാരനിൽ നിന്നും നിയമാനുസൃതമായ ഫൈൻ ഈടാക്കാത്തതിനു കാരണം തേടി അസിസ്റ്റന്റ് എൻജിനീയർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ (25.06.2021) കരാറുകാരനിൽ നിന്നും തുക ഈടാക്കുമെന്നാണ് അറിയിച്ചിട്ടുള്ളത്. ഫൈൻ ഈടാക്കി രേഖ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. – 17 / 25.06.2021

1-21 കൊട്ടേഷൻ/ടെൻഡർ നടപടിക്രമങ്ങളിലെ അപൂർണത

1) പ്രോജക്ട് നം – 54

മത്സ്യബന്ധനത്തിന് വല

അടങ്കൽ തുക - 100000/- (പൊതുവിഭാഗം സാധാരണവിഹിതം - 50000/-രൂപ,
ഗുണഭോക്തൃ വിഹിതം - 50000/-)

ചെലവഴിച്ച തുക – 100000/-

ബിൽ നം. - 1/19-20, തുക - 50000/-, തീയതി - 19-3-20
ബിൽ നം. -4/19-20, തുക – 50000/-, തീയതി - 26-3-20

2) അക്വാപോണിക്സ്-ഒരു നൂതനകൃഷിരീതി

പ്രോജക്ട് നം. - 56

അടങ്കൽ തുക – 100000/- (പൊതുവിഭാഗം സാധാരണവിഹിതം – 50000/- രൂപ,
ഗുണഭോക്തൃ വിഹിതം - 50000/-)

ചെലവഴിച്ച തുക – 55500/-

ബിൽ നം. - 3/19-20, തുക – 27750/-, തീയതി – 17-3-20

ബിൽ നം. -5/19-20, തുക – 27750/-, തീയതി – 26-3-20

2019-20 സാമ്പത്തികവർഷം ഫിഷറീസ് സബ്ഇൻസ്പെക്ടർ നിർവഹണം നടത്തിയ പദ്ധതികളാണ് മത്സ്യബന്ധനത്തിന് വല, അക്വാപോണിക്സ്-ഒരു നൂതനകൃഷിരീതി മുതലായവ. മത്സ്യബന്ധനത്തിന് വല എന്ന പ്രോജക്ടിൽ ഒരുയൂണിറ്റിന് 20000/- രൂപ നിരക്കിൽ 50% സബ്സിഡി ഉൾപ്പെടുത്തി 5 പേർക്ക് വല വാങ്ങി നൽകിയിട്ടുണ്ട്. സ്റ്റോർപർച്ചേസ് മാനുവൽ (ഉത്തരവ് നം. ജി.ഒ(പി)13/2013എസ്.പി.ഡി 21-6-13) പ്രകാരം 15000/- യിൽ അധികരിക്കുന്ന ഏതൊരു പർച്ചേസിനും ക്വട്ടേഷൻ/ടെൻഡർ നടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ ഫയൽപരിശോധനയിൽ പ്രസ്തുത വാങ്ങലിനായി ക്വട്ടേഷൻ വിളിച്ചതിന്റെയോ, പത്രപരസ്യം നൽകിയതിന്റെയോ യാതൊരുരേഖകളും ഹാജരാക്കിയിട്ടില്ല. 29/7/19ലെ കമ്മിറ്റി തീരുമാനം നം-1 പ്രകാരം ഫിഷറീസ് സബ്ഇൻസ്പെക്ടർ 2019-20 വർഷം നിർവഹണം നടത്തുന്ന പ്രോജക്ടുകളിലേക്ക് ടെൻഡർ നടത്തണമെന്ന് തീരുമാനിച്ചിട്ടുണ്ട്.

ടെൻഡർ നടപടിയിൽ ആരൊക്കെ പങ്കെടുത്തു, ടെൻഡർ എപ്പോൾ ഓപ്പൻചെയ്തുഎന്ന മാത്രമല്ല ടെൻഡർ ചെയ്യുന്ന ഉപകരണങ്ങളുടെ സ്പെസിഫിക്കേഷനും രേഖപ്പെടുത്തിയിട്ടില്ല. ഫയലിനോടൊപ്പം കമ്മിറ്റിതീരുമാനത്തിന്റെ പകർപ്പും ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾ തന്നെ അക്വാപോണിക്സ് ഒരുനൂതനകൃഷിരീതി എന്ന പ്രോജക്ടിലും നിലനിൽക്കുന്നു. പ്രസ്തുത അപാകതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ക്വട്ടേഷൻ /ടെൻഡർ നടപടികൾ ആവശ്യമായി വരുന്ന പദ്ധതികൾ നടപ്പിലാക്കുമ്പോൾ സ്റ്റോർ പർച്ചേസ് മാനുവൽ പ്രകാരം നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. - 6/23-6-21

1-22 സമഗ്ര നെൽകൃഷി വികസനം- കൃഷി ഭൂമിയുടെ രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 113/20, സമഗ്ര നെൽകൃഷി വികസനം |
| അടങ്കൽ തുക | ആകെ തുക - 1002343/- (വികസനഫണ്ട് ജനറൽ - 515009/-, ബ്ലോക്ക് പഞ്ചായത്ത് വിഹിതം –287334/-, ഗു. വി 200000/-) |
| ചെലവഴിച്ച തുക | 170000/- ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ചെക്ക് നം 5870321/10-3-20) |

പഞ്ചായത്തിലെ 41.8 ഹെക്ടർ ഭൂമിയിൽ നെൽകൃഷി വികസനത്തിനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 170000/- രൂപ മാത്രമാണ് തൻ വർഷം പിൻവലിച്ച് ചെലവഴിച്ചിട്ടുള്ളത്. ശേഷിക്കുന്ന തുകകളെല്ലാം ക്യൂ ബിൽ ആയി 2020-21 ലാണ് പിൻവലിച്ചിട്ടുള്ളത്. പദ്ധതി പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. മേൽ പദ്ധതി വഴി 100% സബ്സിഡിയിൽ നെൽ വിത്തും 75% സബ്സിഡിയിൽ ജൈവവളവും 50% സബ്സിഡിയിൽ രാസവളവും ഭൂമിയുടെ അളവിനാനുപാതികമായി കൂലിച്ചെലവും നല്കുന്നതിനായാണ് തയ്യാറാക്കിയിരിക്കുന്നത്. മേൽ സൂചിപ്പിച്ച ഓരോ ഇനത്തിനും കൃഷി ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ സബ്സിഡി ആനുകൂല്യം നല്കണമെന്നിരിക്കെ ഒരു വ്യക്തിയുടെ പോലും ഭൂമിയുടെ അളവ് സംബന്ധിച്ച രേഖകൾ ഹാജരാക്കാതെയാണ് തുകകൾ സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുള്ളത്. മേൽ വിഷയത്തിൽ മറ്റുള്ളവരുടെ കൃഷി ഭൂമിയിൽ കൃഷി ചെയ്യുന്നവർക്ക് രേഖകൾ ഹാജരാക്കുന്നതിന് ബുദ്ധിമുട്ടാണെന്നാണ് കൃഷി ഓഫീസിൽ നിന്നും വാക്കാൽ അറിയിച്ചിട്ടുള്ളത്. പാട്ടക്കരാറില്ലാതെ മറ്റുള്ളവരുടെ ഭൂമിയിൽ വൻതോതിൽ കൃഷിചെയ്യുമ്പോൾ വിളവെടുക്കാൻ ഉടമസ്ഥൻ സമ്മതിക്കാതിരുന്നാലോ ഏതെങ്കിലും തരത്തിൽ വിള നശിച്ചു പോയാലോ പരാതിപ്പെടാനുള്ള അർഹത പോലും കർഷകന് ലഭിക്കുന്നില്ല. സബ്സിഡി മാർഗ്ഗരേഖയിലും പാട്ടക്കൃഷി ചെയ്യുന്നതിന് സ്ഥലമുടമ നല്കിയിട്ടുള്ള സമ്മതപത്രം, കൃഷി ചെയ്തിട്ടുണ്ടെന്നതിനുള്ള കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ തൻവർഷം കൂലിച്ചെലവിനത്തിൽ പിൻവലിച്ച തുക ഇടവട്ടം പാടശേഖരസമിതിയുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ടെങ്കിലും കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തുക കൈമാറിയതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല. പാടശേഖരസമിതി തുക പിൻവലിച്ച് ക്യാഷായി കർഷകർക്ക് നല്കിയതായാണ് അറിയിച്ചിട്ടുള്ളത് (സ്റ്റേറ്റ്മെന്റിൽ കർഷകർ ഒപ്പിട്ടതിന്റെ രേഖകൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്). അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിച്ചു എന്നുറപ്പാക്കുന്നതിനും നടപടിക്രമങ്ങളിലെ സുതാര്യതയ്ക്കുംബാങ്ക് അക്കൗണ്ട് മുഖേന ആനുകൂല്യം നല്കുന്നത് ഉചിതമായതിനാൽ കർഷകർക്കുള്ള ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ട് മുഖേന ലഭ്യമാക്കേണ്ടതും കൃഷിഭൂമിയുടെ കൈവശ/പാട്ടാവകാശരേഖകൾ ലഭ്യമാക്കി വസ്തുവിന്റെ അളവിനനുസരിച്ച് ആനുകൂല്യങ്ങൾ നൽകേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം – 3/23-6-21

<u>1-23 സമഗ്ര ജൈവകിഴങ്ങുവിളകൃഷി -ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കി-സബ്സിഡി അധികമായി നല്കി</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 197/20, സമഗ്ര ജൈവകിഴങ്ങുവിളകൃഷി |
| അടങ്കൽ തുക | ആകെ തുക - 350500/- (അവാർഡ് തുക-) |
| ചെലവഴിച്ച തുക | 258000/-<br>(ചെക്ക് നം- 5653229/10-1-20, തുക 200000/-, ചെക്ക് നം 5653252/30-3-20, തുക 58000/-) |

1) സബ്സിഡി അധികമായി നല്കി

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 50 ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് 50 സെൻറ് ഭൂമിയിൽ വീതം കൃഷി ചെയ്യുന്നതിന് 4000 രൂപയുടെ വീതം കിഴങ്ങുവിള വിത്തുകൾ 100% സബ്സിഡിയിലും (200000/-) ജൈവവളം, ജൈവകീടനാശിനി എന്നിവയ്ക്ക് വിലയുടെ 75% സബ്സിഡിയിൽ യഥാക്രമം 1500/-, 500 രൂപയിൽ (58000/-)ലിമിറ്റ് ചെയ്ത് നൽകുന്നതിനുമായി ആണ് പ്രൊജക്റ്റ് ആസൂത്രണം ചെയ്തിട്ടുള്ളത്. (സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/18.ത.സ്വ.ഭ.വ. തീ.14-2-18 പ്രകാരം ജൈവവളം, ജൈവ കീടനാശിനി എന്നിവയ്ക്ക് 75% സബ്സിഡിക്കാണ്

അർഹതയുള്ളത്). 50 ഗ്രൂപ്പുകൾക്കും കിഴങ്ങുവിളവിത്തുകൾ 2019-20ൽ തന്നെ വിതരണം ചെയ്തിരുന്നെങ്കിലും ജൈവവളം, ജൈവകീടനാശിനി എന്നിവയുടെ സബ്സിഡി 29 ഗ്രൂപ്പുകൾക്ക് മാത്രം ആണ് തൻ വർഷം വിതരണം ചെയ്തിട്ടുള്ളത്. (ഗ്രൂപ്പുകളുടെ പേര് വിവരങ്ങൾ നോട്ട് ഫയലിനോടൊപ്പം). മേൽ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ ജനനി ജെ.എൽ.ജി ഗ്രൂപ്പൊഴികെ എല്ലാ ഗ്രൂപ്പുകളും 1500/- രൂപയുടെ ജൈവവളം വാങ്ങിയതിന്റെ വൗച്ചറുകളും 500/- രൂപയുടെ ജൈവകീടനാശിനി വാങ്ങിയതിന്റെ രസീതുകളുമാണ്(വാങ്ങിയ സ്ഥാപനത്തിൽ നിന്നുള്ള) ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത 28 ഗ്രൂപ്പുകൾക്ക് ജൈവവളം, ജൈവകീടനാശിനി എന്നിവ വാങ്ങിയതിന് ചെലവഴിച്ച 2000/- (1500+500) രൂപയുടെ 75% തുകയായ 1500/-(1125+375) രൂപ നല്കിയാൽ മതിയെന്നിരിക്കെ ചെലവഴിച്ച മുഴുവൻതുകയും (2000/- രൂപ വീതം ) സബ്സിഡിയായി നല്കിയതിനാൽ വികസനഫണ്ടിൽ നിന്നും 28 ഗ്രൂപ്പുകൾക്കായി 14000/- (28*500) രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികമായി ആനുകൂല്യം കൈപ്പറ്റിയ 28 ഗ്രൂപ്പുകളിൽ നിന്നും 500/- രൂപ വീതം 14000/- രൂപതിരികെ ഈടാക്കി യഥാഹെഡ്ഡിൽ വരവ് വച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികമായി തുക അനുവദിച്ച് നല്കിയ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം – 3/23-6-21

നിരാകരിക്കുന്ന തുക – 14000/- രൂപ

2). ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കി.

2019-20 ലെ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ മേൽ പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടു. പദ്ധതിയെ സംബന്ധിച്ച വിവരങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്തൃഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കിയ നടപടി സാധൂകരിക്കുന്നതിനായി പഞ്ചായത്തിൽ അപേക്ഷിച്ചിട്ടുണ്ടെന്നാണ് കൃഷി ഓഫീസിൽ നിന്നും വാക്കാൽ അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് ആനുകൂല്യം നല്കിയ നടപടി സാധൂകരിച്ചതിന്റെ രേഖകൾ ഹാജരാക്കുന്നത് വരെ 50 ഗ്രൂപ്പുകൾക്ക് കിഴങ്ങുവിളവിതരണത്തിനും (200000/- രൂപ) 29 ഗ്രൂപ്പുകൾക്ക് ജൈവവളം,ജൈവകീടനാശിനി സബ്സിഡി വിതരണത്തിനും (58000/- രൂപ) വേണ്ടി തൻവർഷം ചെലവഴിച്ച 244000/-(258000-14000) രൂപ തടസ്സപ്പെടുത്തുന്നു.

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 3/23-6-21

തടസ്സപ്പെടുത്തുന്ന തുക – 244000/- രൂപ

## 1-24 പച്ചക്കറികൃഷി എല്ലാവീട്ടിലും പദ്ധതി -അധികം തുക ചെലവഴിച്ചു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 119/20, പച്ചക്കറികൃഷി എല്ലാവീട്ടിലും |
| അടങ്കൽ തുക | ആകെ തുക – 450000/- വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 450000/- (ബിൽ നം1/24-10-19) |

പഞ്ചായത്തിലെ 8000 കുടുംബങ്ങൾക്ക് വിവിധയിനത്തിലുള്ള 25 പച്ചക്കറി തൈകൾ വീതം നല്കുന്നതിനായാണ് പച്ചക്കറികൃഷി എല്ലാവീട്ടിലും എന്ന പദ്ധതി തയ്യാറാക്കിയത്. മേൽ പദ്ധതിയിലും പെരിനാടൻ ജൈവ പച്ചക്കറി കൃഷി (പ്രോ.നം120/20 )എന്ന പദ്ധതിയിലും പച്ചക്കറി തൈ ഒന്നിന് ട്രാൻസ്പോർട്ടിങ് ചാർജ് ഉൾപ്പെടെ 2 രൂപ 20 പൈസ നിരക്കിലാണ് തൈകൾ ചിറ്റുമല ബ്ലോക്ക് ഹൈടെക് നഴ്സറിയിൽ നിന്നും വാങ്ങിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതിയിൽ 8000 കുടുംബങ്ങൾക്ക് 25 പച്ചക്കറി തൈ വീതം രണ്ടുലക്ഷം തൈ വാങ്ങിയതിന് നഴ്സറിക്ക് നല്കിയത് 450000/- രൂപയാണ്

(നല്കേണ്ടിയിരുന്നത് 200000*2.20-440000/-). ഹൈടെക് നഴ്സറിയുടെ 18-10-19 ലെ 1809 എന്ന നമ്പരിലുള്ള ബില്ലിൽ 200000 തൈകൾ ട്രാൻസ്പോർട്ടിങ് ചാർജ് ഉൾപ്പെടെ 2.20 രൂപ നിരക്കിൽഎന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും ആകെ തുക 440000/-ത്തിന് പകരം 450000/- എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ബിൽ പ്രകാരമുള്ള തുക മുഴുവനും അനുവദിച്ച് നല്കിയത് മൂലം 10000/- രൂപ ഹൈടെക് നഴ്സറിക്ക് അധികമായി നല്കിയിരിക്കുകയാണ്. (ബില്ലിന്റെ പകർപ്പുകൾ നോട്ട് ഫയലിനോടൊപ്പം). അധികമായി നല്കിയ 10000/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ വാങ്ങിയ 2 ലക്ഷം തൈകളുടെ വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ പച്ചക്കറി തൈകളുടെ വിലയായ 440000/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണ രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം - 3/23-6-21

തടസ്സപ്പെടുത്തുന്ന തുക – 440000/- രൂപ

നിരാകരിക്കുന്ന തുക - 10000/- രൂപ

1-25 പാടശേഖരസമിതിക്ക് ട്രാക്ടർ വാങ്ങൽ -കരാർ വ്യവസ്ഥകളിലേയും നടത്തിപ്പിലേയും അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 183/20, പൊലിയോ പൊലി -പാടശേഖരസമിതിക്ക് ട്രാക്ടർ വാങ്ങൽ (12/19 പൊലിയോ പൊലി പാടശേഖരസമിതി ട്രാക്ടർ വാങ്ങൽ പദ്ധതിയുടെ സ്പിൽ ഓവർ) |
| അടങ്കൽ തുക | ആകെ തുക – 650000/- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവഴിച്ച തുക | ജില്ലാ പഞ്ചായത്ത് വിഹിതം - ചെക്ക് നം. 5870322/10-3-20, തുക – 300000/-, ചെക്ക് നം. 5870323/10-3-20, തുക – 350000/)<br><br>2018-19 ൽ ചെലവഴിച്ച തുക 350000/- (വികസനഫണ്ട് ജനറൽ-250000/-, ഗ്ര.വി – 100000/-) |

പൊലിയോ പൊലി – പാടശേഖരസമിതിക്ക് ട്രാക്ടർ വാങ്ങൽ എന്ന പദ്ധതി വഴി 2018-19, 2019-20 വർഷങ്ങളിലായി 1000000/- രൂപ ചെലവഴിച്ച് ഇടവട്ടം കുഴിയം പാടശേഖരസമിതിക്ക് ട്രാക്ടർ വാങ്ങി നല്കിയിട്ടുണ്ട്. കൃഷി ഓഫീസറുടെ പേരിൽ ട്രാക്ടർ രജിസ്റ്റർ (KL 02 BN0157) ചെയ്തിട്ടുണ്ടെങ്കിലും കൃഷി ഓഫീസിലെ സ്റ്റോക്ക് രജിസ്റ്ററിലോ പഞ്ചായത്തിലെ ആസ്തിയിലോ ഉൾപ്പെടുത്താതെയാണ് ട്രാക്ടർ പാടശേഖരസമിതിക്ക് കൈമാറിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖയിൽ യന്ത്രങ്ങളുടെ ഉടമസ്ഥാവകാശം കൃഷി ഓഫീസർക്കും കൈവശാവകാശം പാടശേഖരസമിതിക്കും ആണെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും പാടശേഖരസമിതിയുമായി ഏർപ്പെട്ട കരാറിൽ ഈ വ്യവസ്ഥകൾ (കരാറിലേർപ്പെട്ട തീയതി കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല) വ്യക്തമാക്കിയിട്ടില്ല. ട്രാക്ടറും അനുബന്ധ ഉപകരണങ്ങളും പാടശേഖരസമിതിയുടെ ആസ്തിയായി പാടശേഖരസമിതിയുടെ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നു എന്നാണ് കരാറിൽ രേഖപ്പെടുത്തിയിട്ടുള്ളത്. സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ഗ്രാമ പഞ്ചായത്തുകൾ വഴി വാങ്ങുന്ന യന്ത്രങ്ങളുടെ നിയന്ത്രണം, നടത്തിപ്പ്, മേൽനോട്ടം എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് ഒരു സമിതി രൂപീകരിക്കണമെന്നും ഈ സമിതിയുടെ ചെയർപേഴ്സൺ തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷനും കൺവീനർ ബന്ധപ്പെട്ട കൃഷി ഓഫീസറും ആയിരിക്കണമെന്നും സമിതിയിൽ പാടശേഖര സമിതിയുടെ പ്രതിനിധികൾ അംഗങ്ങൾ ആയിരിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നല്കുന്നതിന്റെ വരവ് ചെലവ് കണക്കുകൾ സമിതി സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്തിൽ അങ്ങനെ ഒരു സമിതി രൂപീകരിച്ചിട്ടില്ല. കരാറിൽ ആവശ്യമായ നിർദ്ദേശങ്ങൾ

ഉൾപ്പെടുത്തേണ്ടതും പാടശേഖരസമിതി വരവ് ചെലവ് കണക്ക് കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും യന്ത്രോപകരണങ്ങൾ ആവശ്യത്തിന് ഉപയോഗിക്കുന്നുണ്ടെന്നും കണക്കുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 3/23-6-21

1-26 ട്യൂബ് വെൽ നിർമ്മാണം- ഡെപ്പോസിറ്റ് ചെയ്ത തുക യിൽ പൂർത്തീകരണശേഷം അധികം നിൽക്കുന്ന തുകതിരികെ ഈടാക്കിയിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം. | നം. 144/20 ട്യൂബ് വെൽ നിർമ്മാണം |
| അടങ്കൽ തുക | 352314/- വികസനഫണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) |
| ചെലവഴിച്ച തുക | 352314/- ബിൽ നം. 10/25-6-19 |

ഗ്രാമപഞ്ചായത്തിലെ വാർഡ് 9 നാട്ടുവാതുക്കൽ ജംഗ്ഷനിലെ ട്യൂബ് വെൽ നിർമ്മാണത്തിന് (പഞ്ചായത്തിന് ദാനമായി ലഭിച്ചതും പഞ്ചായത്തിന്റെ പേരിൽ ദാനാധാരമായി രജിസ്റ്റർ ചെയ്തതുമായ സ്ഥലത്ത്) ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറ് ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം (ജി.കെ.റ്റി.2257/18 തീ 4-12-18) 110 മീറ്റർ ആഴത്തിലുള്ള ട്യൂബ് വെൽ നിർമ്മാണത്തിനാവശ്യമായ പൈപ്പ് അനുബന്ധ ഉപകരണങ്ങൾ എന്നിവയുടെ ചാർജ് ,ഡ്രില്ലിങ്ങ് ചാർജ്ജ് (2205 രൂ/മീറ്റർ) എന്നിവ ഉൾപ്പെടെ 352314/- രൂപ ഒടുക്കുവരുത്തണമെന്നറിയിച്ചതിനെ തുടർന്ന് പഞ്ചായത്തിൽ നിന്നും തുക ഒടുക്കു വരുത്തിയിരുന്നു.ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറിൽ നിന്നും 15-5-20 ൽ ലഭ്യമാക്കിയ ജി.കെ.റ്റി.2257/18 ാം നം കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം ട്യൂബ് വെല്ലിനായി ആകെ ഡ്രിൽ ചെയ്തിട്ടുള്ള ആഴം 90 മീറ്ററും 87 മീറ്റർ ആഴത്തിനുള്ള പൈപ്പുകളുമാണ് ഉപയോഗിച്ചിട്ടുള്ളത് .

ചെലവഴിച്ച തുകയുടെ വിവരമോ തിരികെ നല്കാനുള്ള തുകയുടെ വിവരമോ കംപ്ലീഷൻ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. 90 മീറ്റർ ആഴത്തിനുള്ള ഡ്രില്ലിങ്ങ് ചാർജ്ജും 87 മീറ്റർ പൈപ്പിനും അനുബന്ധ സാധനങ്ങൾക്കുമുള്ള ചെലവും മാത്രം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെൻറിന് നല്കേണ്ടതിനാൽ എസ്റ്റിമേറ്റ് പ്രകാരം ഡെപ്പോസിറ്റ് ചെയ്ത തുകയിൽ പ്രവൃത്തി പൂർത്തീകരണ ശേഷമുള്ള തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദമായ ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ചെലവഴിക്കാതെ ശേഷിക്കുന്ന തുക ഈടാക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതു വരെ ട്യൂബ് വെല്ലിന് വേണ്ടി ചെലവഴിച്ച 352314/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 11/24-6-21

തടസ്സപ്പെടുത്തുന്ന തുക – 352314/- രൂപ

1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക, ഫണ്ട്, | ചെലവഴിച്ച തുക (ബിൽ നം), | തടസ്സപ്പെടുത്തുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 38/20, ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിങ്ങ്, 609970/-, ധനകാര്യകമ്മീഷൻ ഗ്രാന്റ് | 552674/-<br>(ബിൽ നം. 21/6-11-19 തുക 12373/-,<br>ബിൽ നം. 37/24-2-20 തുക 12373/-, | 552674/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| | | ബിൽ നം. 26/20-1-20 തുക – 487627/-, ബിൽ നം. 40/3-3-20 തുക 40301/-,) | | |
| 2 | 172/20, ഹരിത സഹായസ്ഥാപനങ്ങൾക്കുള്ള വിഹിതം, 145715/- വികസനഫണ്ട് ജനറൽ, | 138858/- (ബിൽ നം. 11/1-8-19 തുക -23143, ബിൽ നം. 14/24-8-19 തുക – 46286/-, ബിൽ നം. 24/6-11-19 തുക – 46286/-, ബിൽ നം. 23/6-11-19 തുക – 23143) ഇ.ആർ.ഡി.സി.എസ്, പോളയത്തോട് | 138858/- | പ്രസ്തുത സ്ഥാപനത്തിലെ വിദഗ്ദ്ധർ, ടെക്നീഷ്യൻ കോ-ഓർഡിനേറ്റർ എന്നിവർ പഞ്ചായത്ത് സന്ദർശിച്ച് ഹരിത കർമ്മ സേനകൾക്ക് പരിശീലനം നൽകിയതിന്റെ രേഖകളോ പ്രതിമാസ പ്രവർത്തന റിപ്പോർട്ടുകളോ ഹാജരാക്കിയിട്ടില്ല. |
| 3 | 13/20, ഇലക്ട്രിക്കൽ ലൈൻ ദീർഘിപ്പിക്കൽ , 594674/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 594666/- (ബിൽ നം. 22/6-11-19 തുക – 94674/-, ബിൽ നം. 25/20-01-20 തുക - 405326/-, ബിൽ നം. 38/15-3-20 തുക – 94666/- കെ.എസ്.ഇ.ബി കിളികൊല്ലൂർ & കുണ്ടറ) | 594666/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 4 | എസ്.എസ്.എ.വിഹിതം, വികസനഫണ്ട് ജനറൽ 752504/- | 752504/- ബിൽ നം. 10/26-7-19 | 752504/- | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 5 | 12/20 പൈപ്പ് ലൈൻ എക്സ്റ്റെൻഷൻ, 500000/- ധനകാര്യകമ്മീഷൻ ഗ്രാന്റ് | 500000/- ബിൽ നം 32/30-1-20 | 500000/- | പ്രവർത്തിപൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| | | ആകെ | 2538702/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു, പ്രവൃത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 11/24-6-21

<u>1-28 തെരുവുവിളക്കു പരിപാലനം- പദ്ധതി നടത്തിപ്പിലെ അപാകതകൾ</u>

1. പ്രോ. നം. 188/20 തെരുവ് വിളക്ക് അറ്റകുറ്റ പ്പണി - ഇലക്ട്രീഷ്യന്മാർക്ക് വേതനം.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ഇലക്ട്രീഷ്യന്മാർക്ക് വേതനമിനത്തിൽ തനത്ഫണ്ടിൽ നിന്നും 500000/- രൂപ വകയിരുത്തി തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

അറ്റകുറ്റപ്പണി നടത്തിയ പോസ്റ്റുകളുടെ വിവരം അടങ്ങിയ സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് ഒന്നിന് 100/- രൂപ നിരക്കിലാണ് രണ്ട് ഇലക്ട്രീഷ്യന്മാർക്കും വേതനം നല്കിയിട്ടുള്ളത്. പദ്ധതിയുടെ അനുബന്ധരേഖകൾ പരിശോധിച്ചതിൽ തെരുവ് വിളക്ക് പരിപാലനത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പൂർണ്ണമായി പാലിച്ചിട്ടില്ലെന്ന് കാണുന്നു.

1) പോസ്റ്റ് നം. രേഖപ്പെടുത്തിയ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും കെ.എസ്.ഇ.ബി അധികൃതരും തദ്ദേശസ്വയം ഭരണാധികാരികളും സംയുക്ത പരിശോധന നടത്തയതായി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2. തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്ററിൽ മെയിന്റനൻസ് നടത്തുന്ന തെരുവ് വിളക്കുകളുടെ പോസ്റ്റ് നമ്പർ രേഖപ്പെടുത്തുന്നുണ്ടെങ്കിലും അറ്റകുറ്റപ്പണി നടത്തിയ തീയതിയോ ഇലക്ട്രീഷ്യന്റെ ഒപ്പോ നോഡൽ ഓഫീസറുടെ ഒപ്പോ ഇല്ല. പ്രസ്തുത രജിസ്റ്ററിലെ രേഖപ്പെടുത്തലുകളാണ് ഇലക്ട്രീഷ്യന്മാർക്ക് വേതനം നല്കുന്നതിനുള്ള രേഖയെന്നതിനാൽ രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

3. മാർഗ്ഗരേഖകളിൽ ഉപകരണങ്ങൾ വാങ്ങുമ്പോൾ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണമെന്നും കേടായ സാധനങ്ങൾ അതാത് ദിവസം തിരികെ കൊണ്ട് വന്ന് രജിസ്റ്റർ ഓഫ് അൺ സർവ്വീസബിൾ ഐറ്റംസ് എന്ന രജിസ്റ്ററിൽ ചേർക്കേണ്ടതും സാമ്പത്തിക വർഷാവസാനം ഈ രജിസ്റ്ററുകൾ റിക്കൺസിൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും സ്റ്റോക്ക് രജിസ്റ്റർ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ഉപകരണങ്ങൾ സ്റ്റോക്കിലെടുത്ത തീയതിയോ വിതരണം ചെയ്ത തീയതിയോ രേഖപ്പെടുത്തുന്നില്ല. വിതരണം ചെയ്തവയുടെ എണ്ണവും കൈപ്പറ്റിയവരുടെ ഒപ്പും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. തെരുവ് വിളക്ക് ഉപകരണങ്ങൾ വാങ്ങുമ്പോൾ പെർഫോമൻസ് ഗ്യാരന്റി ആവശ്യപ്പെടണമെന്നും ടി വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും പാലിച്ചിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് സുതാര്യമായ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്.

2) പ്രോ. നം. 196/20 സിംഗിൾ ട്യൂബ്സെറ്റ് സ്ഥാപിക്കൽ.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 200 സിംഗിൾ ട്യൂബ്സെറ്റ് വാങ്ങുന്നതിനായി 208600/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ് വകയിരുത്തി തൻവർഷം ചെലവഴിച്ചിരുന്നു. (ബിൽ നം. 36/13-3-20). മേൽ പദ്ധതിയുടെ ടെണ്ടറിൽ സിംഗിൾ ട്യൂബ്സെറ്റിന് ഏറ്റവും കുറഞ്ഞ തുകയായ 1043/- രൂപ രേഖപ്പെടുത്തിയ ശ്രീഎഞ്ചിനിയേഴ്സ് മൺറോതുരുത്ത് എന്ന സ്ഥാപനത്തിന്

200 ട്യൂബ്സെറ്റിന്റെ വിലയായ 208600/- രൂപ ബിൽപ്രകാരം നല്കിയെങ്കിലും ടി സ്ഥാപനത്തിന്റെ ബിൽ ഫയലിനോടൊപ്പം ഹാജരാക്കിയിരുന്നില്ല. പഞ്ചായത്തിലെ സ്റ്റോക്ക് രജിസ്റ്ററുകളിലൊന്നും തന്നെ ടി 200 സിംഗിൾ ട്യൂബ്സെറ്റുകൾ സ്റ്റോക്കിലെടുത്തതായോ വിതരണം ചെയ്തതായോ രേഖപ്പെടുത്തിയിരുന്നില്ല. മേൽ വിവരങ്ങൾ ചൂണ്ടിക്കാട്ടി എൻക്വയറി നല്കിയതിനെ തുടർന്ന് ശ്രീഎഞ്ചിനിയേഴ്സിൽ നിന്നുള്ള 214 സിംഗിൾ ട്യൂബ്സെറ്റിന്റെ വില രേഖപ്പെടുത്തിയ ബിൽ പകർപ്പും ((200 ന്റെ വിലയിൽ പരിമിതപ്പെടുത്തി എന്നാണ് വാക്കാൽ അറിയിച്ചിട്ടുള്ളത്) 10 വീതം ട്യൂബ് സെറ്റ് കൈപ്പറ്റിയതായുള്ള വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എൻക്വയറി നല്കിയ ദിവസം എഴുതിപ്പിച്ചും ഓഡിറ്റിന് ഹാജരാക്കി.ഇതിൽ നിന്നും നടപടി ക്രമങ്ങൾ പാലിക്കാതെയും ആവശ്യമായ രേഖകൾ തയ്യാറാക്കാതെയും പദ്ധതി പണം ചെലവഴിക്കുന്നതായാണ് ഓഡിറ്റ് വിലയിരുത്തുന്നത്. സർക്കാർ നിർദ്ദേശങ്ങളും നടപടിക്രമങ്ങളും പാലിച്ച് സുതാര്യമായ രീതിയിൽ പദ്ധതി നടപ്പിലാക്കേണ്ടതാണ്. മേൽ വിഷയങ്ങൾ സൂചിപ്പിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം - 11/24-6-21

<u>1-29 ഡെപ്പോസിറ്റ് വർക്ക്- 74,48,793/- രൂപ വിവിധഏജൻസികളിൽ (കെ.എസ്.ഇ.ബി,കെ.ഡബ്ല്യ.എ,ജി.ഡബ്ല്യ.ഡി ) വിവിധ വർഷങ്ങളിലായി നിക്ഷേപിച്ചെങ്കിലും പണി</u>

പൂർത്തീകരിച്ചില്ല.

2019-20 ലെ അക്കൗണ്ട്സ് പ്രകാരം 2019-20 വരെ വിവിധ നിക്ഷേപ പ്രവർത്തികൾക്കായി നിക്ഷേപിച്ച 74,48,793/- രൂപവിവിധ ഏജൻസികളിൽ നിക്ഷേപമായി നിലനിൽക്കുന്നതായി കണ്ടതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ ടി തുകയിൽ 42,43,701/- രൂപ 2017-18 വരെ നിക്ഷേപിച്ച തുകകളിലേതാണെന്ന് ബോദ്ധ്യപ്പെട്ടു. 2019-20ൽ സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ട്യൂബ് വെൽ നിർമ്മാണം എന്നിവയ്ക്കായി 11,47,340/-രൂ, 5,00,000/-രൂ, 3,52,314/- രൂ എന്നിവയുൾപ്പെടെ ആകെ 19,99,654/- രൂപയാണ് യഥാക്രമം കെ.എസ്.ഇ.ബി, കെ.ഡബ്ല്യ.എ,ജി.ഡബ്ല്യ.ഡി എന്നിവിടങ്ങളിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നിക്ഷേപിച്ചിട്ടുള്ളത്. മുൻ വർഷം (2018-19) നിക്ഷേപ പ്രവർത്തികൾക്കായി 12,05,438/- രൂപയാണ് കെ.എസ്.ഇ.ബി, കെ.ഡബ്ല്യ.എ എന്നിവിടങ്ങളിൽ നിക്ഷേപിച്ചിട്ടുള്ളത്. 2017-18 വരെ നിക്ഷേപിച്ച 42,43,741/- രൂപയുടെ പ്രവർത്തികൾ 2020-21 ലും പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ നടപ്പിലാക്കാത്ത പ്രവർത്തികൾക്കായി വിവിധയിടങ്ങളിൽ ശേഷിക്കുന്ന തുക തിരികെ ഈടാക്കുകയോ പ്രവർത്തികൾ പൂർത്തീകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 11/24-6-21

## 1-30 പൊതുടാപ്പുകളുടെ വെള്ളക്കരം -ഗാർഹിക കണക്ഷനുകൾ വർദ്ധിക്കുന്നതിനനുസരിച്ച് പൊതുടാപ്പുകളുടെ എണ്ണം കുറയുന്നതിന് പകരം വർദ്ധിക്കുന്നു.

നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും പൊതുടാപ്പുകൾ പരമാവധികുറച്ച് ഗാർഹികകണക്ഷനുകൾ നല്കുന്ന പദ്ധതികൾക്ക് മുൻഗണന നല്കുകയും ഗാർഹികകണക്ഷനുകൾ പൂർണ്ണമാകുന്ന സ്ഥലങ്ങളിലെ പൊതുടാപ്പുകൾ നിർത്തലാക്കി ക്കൊണ്ടിരിക്കുകയുമാണ്. പെരിനാട് ഗ്രാമപഞ്ചായത്തിലും ഗാർഹിക കണക്ഷനുകൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള പദ്ധതികൾ തൻവർഷമുൾപ്പെടെ എല്ലാ വർഷവും ജനറൽ എസ്.സി വിഭാഗങ്ങൾക്ക് നല്കുന്നുണ്ടെങ്കിലും പ്രസ്തുത മേഖലകളിലുള്ള പൊതുടാപ്പുകൾ നിർത്തലാക്കുന്നില്ല. പഞ്ചായത്തിലെ പൊതുടാപ്പുകളുടെ വെള്ളക്കരമിനത്തിൽ തൻ വർഷം

വികസനഫണ്ടിൽ നിന്നും 21,11,375/- രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കു വരുത്തിയിട്ടുള്ളത്. 10/19 വരെ 438 ടാപ്പുകൾക്കും 11/19 മുതൽ 440 ടാപ്പുകൾക്കുമുള്ള വെള്ളക്കരമാണ് 2019-20 ൽ ഒടുക്കു വരുത്തിയിട്ടുള്ളത്. ടാപ്പുകളുടെ എണ്ണം വർദ്ധിക്കുന്നതായി കാണുന്നതിനാൽ വാട്ടർ അതോറിയിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തേണ്ടതും ഗാർഹിക കണക്ഷൻ നല്കിയ ഇടങ്ങളിലെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ്. സംയുക്തപരിശോധനയുടെ വിവരങ്ങളും പൊതുടാപ്പുകളുടെ വിവരങ്ങളടങ്ങിയ രജിസ്റ്ററും ആവശ്യപ്പെട്ടു കൊണ്ട് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം – 11/24-6-21

## 1-31 അസി.സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ വിവിധ വാങ്ങൽ പദ്ധതികളിലെ അപാകതകൾ

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂളിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ (നം205/20 വകയിരുത്തിയ തുക സംസ്ഥാനാവിഷ്കൃത ഫണ്ട് 60000/-, ചെലവഴിച്ച തുക 58000/- ചെക്ക് നം. 5870319/7-2-20), ബഡ്സ് സ്കൂളിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ (പ്രോ. നം. 204/20 വകയിരുത്തിയ തുക സംസ്ഥാനാവിഷ്കൃത ഫണ്ട് 450000/-, ചെലവഴിച്ച തുക 293600/- ചെക്ക് നം. 5870327/19-3-20) എന്നീ രണ്ട് പദ്ധതികളിലും പ്രോജക്റ്റിൽ നിശ്ചയിച്ച് ടെണ്ടർ ചെയ്തതിലും കൂടുതൽ ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

ബഡ്സ് സ്കൂളിലേക്ക് ഇലക്ട്രോണിക് ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ ടെലിവിഷൻ, ഫ്രിഡ്ജ്, മിക്സി, ഗ്രൈൻഡർ എന്നീ നാലിനങ്ങൾ വാങ്ങുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. 13-8-19 ലെ ടെണ്ടർ പരസ്യത്തിലും 31-10-19 ലെ റീടെണ്ടറിലും മേൽഇനങ്ങൾക്ക് മാത്രമാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്. എന്നാൽ റീടെണ്ടറിൽ തെരഞ്ഞെടുത്ത വൈറ്റ് സ്പോട്ട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തിയപ്പോൾ പ്രോജക്ടിലോ ടെണ്ടർ പരസ്യത്തിലോ ഇല്ലാതിരുന്ന ബ്ലൂബെറി ടവർ സ്പീക്കർ വയർലെസ്സ് മൈക്കോട് കൂടിയത് 8820/- രൂപയ്ക്ക് വാങ്ങിച്ചിരുന്നു.

2. ബഡ്സ് സ്കൂളിലേക്ക് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതിയിൽ എക്സർസൈസ് മാറ്റ്, ബെഡ്ഷ്, തെറാബാൻഡ്, സ്റ്റാറ്റിക്ക് ബൈസിക്കിൾ, എക്സർസൈസ് ബാൾ ബിഗ്, സ്മാൾ, ആംഗിൾഫൂട്ട് ഓർത്തോസിസ്, സി.പി.ചെയർ, മടക്കി ഉപയോഗിക്കാവുന്ന മെത്ത എന്നീ 9 ഇനങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്റ്റ് രൂപീകരിച്ചിരുന്നതും ടെണ്ടർ ചെയ്തിരുന്നതും. എന്നാൽ വാങ്ങൽ നടത്തിയപ്പോൾ മേൽ ഉപകരണങ്ങൾ കൂടാതെ 20 ഇനങ്ങൾ കൂടി വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ട് .

പദ്ധതി മാർഗ്ഗരേഖയിലും സ്റ്റോർ പർച്ചേസ് മാന്വലിലും വാങ്ങൽ പദ്ധതികളിൽ, വാങ്ങേണ്ട സ്റ്റോറുകളുടെ കൃത്യമായ എണ്ണവും സ്പെസിഫിക്കേഷനും നിശ്ചയിച്ചതിന് ശേഷം മാത്രം പ്രോജക്റ്റിൽ തുക വകയിരുത്തണമെന്നും ടെണ്ടർ ക്ഷണിച്ചതിന് ശേഷം അളവിൽ മാറ്റം വരുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ നിർദ്ദേശങ്ങളൊന്നും പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന്റെ കാരണം അന്വേഷിച്ചു കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ബഡ്സ് സ്കൂളിലെ കുട്ടികൾക്ക് വേണ്ടിയുള്ള പർച്ചേസ് ആയതിനാൽ നടപടിക്രമങ്ങൾ പാലിക്കാതെ നടത്തിയ വാങ്ങലുകൾ തുടർ വർഷങ്ങളിൽ ആവർത്തിക്കുന്ന പക്ഷം മാർഗ്ഗരേഖകൾ പ്രകാരമുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതാണെന്നറിയിക്കുന്നു.

എൻക്വയറി നം. – 10/24-6-21

<u>1-32 ബഡ്സ് സ്കൂൾപ്രവർത്തനങ്ങൾ - 37601/- രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കിയില്ല.</u>

അസി. സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ബഡ്സ് സ്കൂൾപ്രവർത്തനങ്ങൾ എന്ന (192/20)പദ്ധതിയിൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ടിൽ നിന്നും 852082/- രൂപയും തനത് ഫണ്ടിൽ നിന്ന് 146496/- രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 38675/- രൂപയുമുൾപ്പെടെ ആകെ 1037253/- രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രസ്തുത തുകയിൽ വികസനഫണ്ടിൽ നിന്നും ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും ചെലവഴിച്ച മുഴുവൻ തുകയുടെയും ചെലവ് രേഖകൾ ഹാജരാക്കിയിരുന്നെങ്കിലും തനത്ഫണ്ടിൽ നിന്നും ചെലവഴിച്ച 146496/- രൂപയിൽ 108895/- രൂപയുടെ രേഖകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയത്. തനത് ഫണ്ടിൽ നിന്നും ചെലവഴിച്ച 37601/- രൂപയുടെ (ചെക്ക് നം. 910279/16.05.2019) രേഖകൾ ഹാജരാക്കാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

എൻക്വയറി നം. – 10/24-6-21

തടസ്സപ്പെടുത്തുന്ന തുക – 37601/- രൂപ

<u>1-33 ഭവനനിർമ്മാണം പൂർത്തീകരിക്കുന്നതിലെ കാലതാമസം</u>

പ്രോജക്റ്റ് നം - 151 ലൈഫ് മിഷൻ പദ്ധതി - ഭവനരഹിതർക്ക് ഭവനം (പട്ടികജാതി)

എസ്.സി.പി അടങ്കൽ തുക - 2735300/-

ബ്ലോക്ക് പഞ്ചായത്ത് - 564000/-

മറ്റ് ജില്ലാപഞ്ചായത്ത് - 309597/-

മറ്റുള്ളവ - 2111103/-

ആകെ അടങ്കൽ തുക – 5720000/-

ചെലവഴിച്ച തുക - 2560000/-

ബിൽ നം - 2, തുക - 520000/-, തീയതി – 8/5/19

ബിൽ നം – 7, തുക - 360000/-, തീയതി –8/5/19

ബിൽ നം - 10, തുക - 770000/-, തീയതി - 5/7/19

ബിൽ നം – 14, തുക - 350000/-, തീയതി - 1/10/19

ബിൽ നം – 19, തുക - 200000/-, തീയതി - 3/12/19

ബിൽ നം – 26, തുക – 100000/-, തീയതി - 10/1/20

ബിൽ നം - 37, തുക - 260000/-, തീയതി - 7/2/20

2019-20 വർഷം വി.ഇ.ഒ നിർവഹണം നടത്തിയ ലൈഫ് മിഷൻ ഭവന പദ്ധതി പ്രകാരം എട്ടാം വാർഡിലെ ലീലാഹരിദാസൻ, ദീപാഭവൻ, വെള്ളിമൻ എന്നവ്യക്തിക്ക് 31/7/18ൽ ഒന്നാം ഗഡു നൽകുകയും മൂന്നാം ഗഡുവായ 150000/- രൂപ 23/11/20ൽ നൽകുകയും ചെയ്തു. എന്നാൽ നാളിതുവരെയായി പണിപൂർത്തീകരിച്ച് അവസാന ഗഡുകൈപ്പറ്റുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. പ്രസ്തുത വിവരം ആരാഞ്ഞുനൽകിയ എൻക്വയറിക്ക് (നം-4) നൽകിയ മറുപടിയിൽ പണിപൂർത്തികരിപ്പിച്ച് അവസാനഗഡു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

എൻക്വയറി നം – 4/23/6/21

<u>1-34 ദേശീയ തൊഴിലുറപ്പ് പദ്ധതി -അവലോകനം</u>

2019- 2020 സാമ്പത്തിക വർഷത്തിൽ 1,682 കുടുംബങ്ങൾക്കായി 56,724 മനുഷ്യദിനങ്ങൾ തൊഴിൽ നൽകി. ഇതിൽ 100 ദിനങ്ങൾ പൂർത്തിയാക്കിയ 194 കുടുംബങ്ങൾ ഉൾപ്പെടുന്നു. ആകെ 1,94,88,096/- രൂപയുടെ ചെലവ്, ഭൂവികസനം, ലൈഫ് ഭവന നിർമ്മാണം, ജല സംരക്ഷണ പ്രവൃത്തികൾ എന്നിവയ്ക്കായാണ് മുഖ്യമായും വിനിയോഗിച്ചത്.

<u>രേഖകളുടെ പരിശോധന- ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

1. എസ്റ്റിമേറ്റ് റിപ്പോർട്ടുകൾ തയ്യാറാക്കാതെ ഡീറ്റെയിൽഡ് എസ്റ്റിമെറ്റ് തയ്യാറാക്കുന്നു
2. വസ്തുക്കളുടെ ആകെ വിസ്തൃതിയിൽ (കരം രസീത് പ്രകാരം) നിന്നും പ്രവൃത്തി നടത്തിയ വിസ്തൃതിയുടെ വിശദാംശങ്ങൾ സൂക്ഷിക്കുന്നില്ല.
3. നടത്തിയ പ്രവൃർത്തികളുടെ വിവരം ഇനം തിരിച്ച് ഭൂവുടമസ്ഥരിൽ നിന്നും /മേറ്റുമാരിൽ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
4. പ്രവൃത്തികളുടെ അന്തിമ മൂല്യനിർണ്ണയത്തിന് അടിസ്ഥാനമാക്കിയ അളവുകൾ തെളിയിക്കുന്ന രേഖകൾ ഇല്ല.
5. ലൈഫ് ഭവനം, കിണർ, തൊഴുത്ത്, കോഴിക്കൂട്, റോഡ് നിർമ്മാണ പ്രവൃത്തികളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പാക്കുന്ന ഫോട്ടോകൾ ഇല്ല.
6. സൈറ്റ് ഡയറിയിലെ രേഖപ്പെടുത്തൽ പരിമിതമായതിനാൽ, പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിന് പര്യാപ്തമല്ല.
7. പ്രവൃത്തിയുടെ ഫോട്ടൊകൾ കൃത്യമായി ഫയലിൽ ഉൾപ്പെടുത്താത്തതിനാൽ, പ്രോജക്ട് യോഗങ്ങൾ നടത്തിയതിന്റെയും, പ്രവൃത്തി സൈറ്റുകളിൽ ബോർഡ് സ്ഥാപിച്ചത് ഉറപ്പാക്കുന്നതിനും, പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനും സാധിക്കുന്നില്ല.

8. തൊഴിലുറപ്പ് വിഭാഗത്തിൽ പരാതി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
9. വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമല്ല. വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഇടപെടൽ പരിമിതമാണ്.

മേൽ ന്യൂനതകൾ പരിഹരിക്കുന്നതിനും കൂടുതൽ കാര്യക്ഷമമായി പദ്ധതികൾ നടപ്പിലാക്കുന്നതിനും ചുമതലപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

### 3-1 സബ്സിഡി ആനുകൂല്യം അധികം നൽകി-2500/-രൂപ നിരാകരിക്കുന്നു

പ്രോജക്റ്റ് നം - 158

പൊതുവിഭാഗം സാധാരണവിഹിതം അടങ്കൽതുക – 55000/-

ചെലവഴിച്ച തുക – 55000/-

ബിൽ നം - 3/2019, തുക – 55000/-, തീയതി - 21/5/19

ഡയറി ഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2019-20 വർഷം സ്പിൽഓവറായി നടത്തിയ പദ്ധതിയാണ് കറവപ്പശുവളർത്തൽ. പ്രസ്തുത പദ്ധതി പ്രകാരം രണ്ട് ഗുണഭോക്താക്കൾക്കാണ് പശുവിനെ വാങ്ങി നൽകിയത്. ഗുണഭോക്താക്കളിൽ ഒരാളായ വിമല, ടെസ്സിനിവാസ് എന്നവ്യക്തിവാങ്ങിയ പശുവിനെ ഇൻഷ്വർ ചെയ്തിരിക്കുന്നത് 50000/- രൂപക്കാണ്. 50% സബ്സിഡി ആനുകൂല്യമുള്ള പദ്ധതിയിൽ പശുവിനെ വിറ്റ വ്യക്തിക്ക് 25000/- രൂപ നൽകുന്നതിന് പകരം 27500/- രൂപ നൽകിയിരിക്കുന്നു. 2500/- രൂപ അധികം നൽകിയതിന് വിശദീകരണം ആരാഞ്ഞ് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക ഗുണഭോക്താവിന്റെ പക്കൽ നിന്ന് ലഭ്യമാക്കി യഥാഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം അത് നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി പരിഗണിക്കുന്നതാണ്

ഓഡിറ്റ് എൻക്വയറി നം - 13 / 20/6/21
നിരാകരിക്കുന്ന തുക – 2500/- രൂപ

### 3-2 സമഗ്ര ജൈവകിഴങ്ങുവിളകൃഷി -ഗുണഭോക്തൃലിസ്റ്റിലുൾപ്പെടാത്ത ഗ്രൂപ്പുകൾക്ക് ആനുകൂല്യം നല്കി-സബ്സിഡി അധികമായി നല്കി

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 197/20, സമഗ്ര ജൈവകിഴങ്ങുവിളകൃഷി |
| അടങ്കൽ തുക | ആകെ തുക – 350500/- (അവാർഡ് തുക-) |
| ചെലവഴിച്ച തുക | 258000/-<br>(ചെക്ക് നം. 5653229/10-1-20, തുക – 200000/-,<br>ചെക്ക് നം. 5653252/30-3-20, തുക – 58000/-) |

1) സബ്സിഡി അധികമായി നല്കി

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതിയിൽ 50 ജെ.എൽ.ജി ഗ്രൂപ്പുകൾക്ക് 50 സെൻറ് ഭൂമിയിൽ വീതംകൃഷി ചെയ്യുന്നതിന് 4000 രൂപയുടെ വീതം കിഴങ്ങുവിള വിത്തുകൾ 100% സബ്സിഡിയിലും (200000/-) ജൈവവളം, ജൈവകീടനാശിനി എന്നിവയ്ക്ക് വിലയുടെ 75% സബ്സിഡിയിൽ യഥാക്രമം 1500/-, 500 രൂപയിൽ (58000/-) ലിമിറ്റ് ചെയ്ത് നൽകുന്നതിനുമായി ആണ് പ്രൊജക്റ്റ് ആസൂത്രണം ചെയ്തിട്ടുള്ളത്. (സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം22/18.തസ്വഭവ തീ.14-2-18 പ്രകാരം ജൈവവളം, ജൈവ കീടനാശിനി എന്നിവയ്ക്ക് 75% സബ്സിഡിക്കാണ് അർഹതയുള്ളത്). 50 ഗ്രൂപ്പുകൾക്കും കിഴങ്ങുവിള വിത്തുകൾ 2019-20ൽ തന്നെ വിതരണം ചെയ്തിരുന്നെങ്കിലും ജൈവവളം, ജൈവകീടനാശിനി എന്നിവയുടെ സബ്സിഡി 29 ഗ്രൂപ്പുകൾക്ക് ആണ് തൻ വർഷം വിതരണം ചെയ്തിട്ടുള്ളത്. (ഗ്രൂപ്പുകളുടെ പേര് വിവരങ്ങൾ നോട്ട് ഫയലിനോടൊപ്പം). മേൽ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ ജനനി ജെ.എൽ.ജി ഗ്രൂപ്പൊഴികെ എല്ലാ ഗ്രൂപ്പുകളും 1500/- രൂപയുടെ ജൈവവളം വാങ്ങിയതിന്റെ വൗച്ചറുകളും 500/- രൂപയുടെ ജൈവകീടനാശിനി വാങ്ങിയതിന്റെ രസീതുകളുമാണ് (വാങ്ങിയ സ്ഥാപനത്തിൽ നിന്നുള്ള) ഹാജരാക്കിയിട്ടുള്ളത്. പ്രസ്തുത 28 ഗ്രൂപ്പുകൾക്ക് ജൈവവളം, ജൈവകീടനാശിനി എന്നിവ വാങ്ങിയതിന് ചെലവഴിച്ച 2000/- (1500+500) രൂപയുടെ 75% തുകയായ 1500/- (1125+375) രൂപ നല്കിയാൽ മതിയെന്നിരിക്കെ ചെലവഴിച്ച മുഴുവൻതുകയും (2000/- രൂപ വീതം ) സബ്സിഡിയായി നല്കിയതിനാൽ വികസനഫണ്ടിൽ നിന്നും 28 ഗ്രൂപ്പുകൾക്കായി 14000/- (28x500) രൂപ അധികം ചെലവഴിച്ചിട്ടുണ്ട്. അധികമായി ആനുകൂല്യം കൈപ്പറ്റിയ 28 ഗ്രൂപ്പുകളിൽ നിന്നും 500/- രൂപ വീതം 14000/- രൂപതിരികെ ഈടാക്കി യഥാഹെഡ്ഡിൽ വരവ് വച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം അധികമായി തുക അനുവദിച്ച് നല്കിയ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഓഡിറ്റ് എൻക്വയറി നം – 3/23-6-21

നിരാകരിക്കുന്ന തുക – 14000/- രൂപ

<u>3-3 പച്ചക്കറികൃഷി എല്ലാവീട്ടിലും പദ്ധതി -അധികം തുക ചെലവഴിച്ചു.</u>

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| പ്രോജക്റ്റ് നം | 119/20, പച്ചക്കറികൃഷി എല്ലാവീട്ടിലും |
| അടങ്കൽ തുക | ആകെ തുക – 450000/- വികസനഫണ്ട് ജനറൽ |
| ചെലവഴിച്ച തുക | 450000/- (ബിൽ നം1/24-10-19) |

പഞ്ചായത്തിലെ 8000 കുടുംബങ്ങൾക്ക് വിവിധയിനത്തിലുള്ള 25 പച്ചക്കറി തൈകൾ വീതം നല്കുന്നതിനായാണ് പച്ചക്കറികൃഷി എല്ലാവീട്ടിലും എന്ന പദ്ധതി തയ്യാറാക്കിയത്. മേൽ പദ്ധതിയിലും പെരിനാടൻ ജൈവ പച്ചക്കറി കൃഷി (പ്രോ. നം. 120/20) എന്ന പദ്ധതിയിലും പച്ചക്കറി തൈ ഒന്നിന് ട്രാൻസ്പോർട്ടിങ് ചാർജ് ഉൾപ്പെടെ 2 രൂപ 20 പൈസ നിരക്കിലാണ് തൈകൾ ചിറ്റുമല ബ്ലോക്ക് ഹൈടെക് നഴ്സറിയിൽ നിന്നും വാങ്ങിയിട്ടുള്ളത്. എന്നാൽ മേൽ പദ്ധതിയിൽ 8000 കുടുംബങ്ങൾക്ക് 25 പച്ചക്കറി തൈ വീതം രണ്ടുലക്ഷം തൈ വാങ്ങിയതിന് നഴ്സറിയ്ക്ക് നല്കിയത് 450000/- രൂപയാണ്(നല്കേണ്ടിയിരുന്നത് 200000*2.20-440000/-). ഹൈടെക് നഴ്സറിയുടെ 18-10-19ലെ 1809 എന്ന നമ്പരിലുള്ള ബില്ലിൽ 200000 തൈകൾ ട്രാൻസ്പോർട്ടിങ് ചാർജ് ഉൾപ്പെടെ 2.20 രൂപ നിരക്കിൽഎന്ന് രേഖപ്പെടുത്തിയിരുന്നെങ്കിലും ആകെ തുക 440000/-ത്തിന് പകരം 450000/- എന്നാണ് രേഖപ്പെടുത്തിയിരുന്നത്. ബിൽ പ്രകാരമുള്ള തുക മുഴുവനും അനുവദിച്ച് നല്കിയത് മൂലം 10000/- രൂപ ഹൈടെക് നഴ്സറിക്ക് അധികമായി നല്കിയിരിക്കുകയാണ്. (ബില്ലിന്റെ പകർപ്പുകൾ നോട്ട് ഫയലിനോടൊപ്പം). അധികമായി നല്കിയ 10000/- രൂപ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്. കൂടാതെ വാങ്ങിയ 2 ലക്ഷം തൈകളുടെ വിതരണ രേഖകൾ ഹാജരാക്കാത്തതിനാൽ പച്ചക്കറി തൈകളുടെ വിലയായ 440000/- രൂപ തടസ്സപ്പെടുത്തുന്നു. വിതരണ

രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ സൂചിപ്പിച്ച കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല

ഓഡിറ്റ് എൻക്വയറി നം – 3/23-6-21

തടസ്സപ്പെടുത്തുന്ന തുക – 440000/- രൂപ

നിരാകരിക്കുന്ന തുക – 10000/- രൂപ

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 24-06-2021 | കെ.എസ്.എ-കെ.എൽ.എം-പി4/767/21, തീയതി. 04.07.2021 |

### 4-2 സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 170000 | സമഗ്ര നെൽകൃഷി വികസനം | 170000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 1660000 | ലൈഫ് മിഷൻ | 1660000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | അങ്കണവാടിപോഷകാഹാര വിതരണ പരിപാടി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 75000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | 75000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 250000 | കാപെക്സ് ജംഗ്ഷൻകുമ്പലിൽ ക്ഷേത്രംറോഡ് കോൺക്രീറ്റിംഗ് -വാർഡ് 11 | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | പാലിന് സബ്സിഡി | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 321329 | ബഡ്സ് സ്കൂൾ റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തനം | 321329 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 38675 | ബഡ്സ് സ്കൂൾ പ്രവർത്തനങ്ങൾ | 38675 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 650000 | പൊലിയോ പൊലി-പാടശേഖര സമിതിയ്ക്ക് ട്രാക്ടർ വാങ്ങൽ | 650000 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 2000000 | ലൈഫ് മിഷൻ | 2000000 | 0 |
| ജില്ലാപഞ്ചായത്ത് | 2019-20 | 75000 | ശാരീരിക മാനസിക | 75000 | 0 |

| | | | | | |
|---|---|---|---|---|---|
| | | | വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് | | |
| ജില്ലാപഞ്ചായത്ത് | 2019-20 | 120000 | പാലിന് സബ്സിഡി | 120000 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം / തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 32/30-1-20 | 500000 | 0 | 500000 |
| കെ.എസ്സ്.ഇ.ബി | പോസ്റ്റ്ഷിഫ്റ്റിംഗ് | | 552674 | 0 | 552674 |
| കെ.എസ്സ്.ഇ.ബി | ഇലക്ട്രിക് ലൈൻ എക്സ്റ്റെൻഷൻ | നം22/6-11-19 94674/-<br>നം25/20-20 405326/-<br>നം38/15-3-20 94666/- | 594666 | 0 | 594666 |
| ഗ്രൌണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | പുതിയ ട്യൂബ് വെൽ നിർമ്മാണം | നം10/25.06.2019 | 352314 | 0 | 352314 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 8620000/-രൂപ വരവുണ്ട്. മുൻബാക്കി 31406/-രൂപയടക്കം 8651406/-രൂപ തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ് ഭവന പദ്ധതി | 316/2010 തീയതി -28.01.2010 | 1,91,62,500 | 58045/- | 58045/- | | 0 |
| ലൈഫ് ഭവന പദ്ധതി | ജി.ഒ(എം.എസ്സ്) നം 68/2018/ | 1,33,91,406/- | 1,33,91,406/- | 2044117 | | 11347289/- |

| | | | | | | |
|---|---|---|---|---|---|---|
| | എൽ.എസ്സ്.ജി.ഡി 18.05.2018 | | | | | |

4-6 സ്ഥിര നിക്ഷേപം

ഇല്ല.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 20000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2018-19 | 3-6 | 15000/- | ശ്രീമതി. രമ്യ ഡയറിഫാം ഇൻസ്ട്രക്ടർ (ഗുണഭോക്താക്കൾ തിരികെ ഒടുക്കി) | 119060101650/12.07.2019<br>19060102766/27.09.2019<br>119060103296/04.11.2019<br>119060103546/16.11.2019<br>119060103280/04.11.2019<br>119060103435/12.11.2019 |
| 2018-19 | 3-7 | 5000/- | ശ്രീമതി. ചെറുപുഷ്പം, ഹെഡ്മിസ്ട്രസ്സ് (ഗുണഭോക്താവ് തിരികെ ഒടുക്കി) | 119060103449/13.11.2019 |

ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച ടി തുകകൾ വാർഷികധനകാര്യ പത്രികയിൽ ഓഡിറ്റ്റിക്കവറി ഹെഡ്ഡിൽ ഉൾപ്പെടുത്തിയിട്ടില്ല.(ഖ.1-2)

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3.17.1 | ഖാദിവ്യവസായ സഹകരണ സംഘത്തിന് തുക അനുവദിച്ചത് | ഇതുമായി ബന്ധപ്പെട്ട് 2.12.10 ൽ WP(Cc) 39831/10 നം. കേസ് നിലവിലുള്ളതിനാൽ റവന്യൂറിക്കവറി നടപടി സ്വീകരിക്കുവാൻ സാധിക്കുന്നില്ല. |
| 2003-04 | 3-18, 3-20, 3-22 | 2007-08 | 3(6)(2), 3(7)(1) | റോഡ് നിർമ്മാണം തുക അധികം നൽകിയത് (3-18, 3-20), കോളനിപ്രദേശങ്ങളിലെ മണ്ണ് സംരക്ഷണം പ്രോജക്ടിന് | നിയമസഭാസമിതിയുടെ പരിഗണനയിൽ |

| | | | | | |
|---|---|---|---|---|---|
| | | | | വിരുദ്ധമായി തുക ചെലവഴിച്ചത്(3-22). | |
| 2005-06 | 3-24, 3-25 | 2007-08 | 3.6.2 | റോഡ് നിർമ്മാണം തുക അധികം നൽകിയത് (പൊതുപരാമർശം) | നിയമസഭാസമിതിയുടെ പരിഗണനയിൽ |
| 2006-07 | 3-11 | 2008-09 | 3.5.3 | ബാന്റ്ഗ്രൂപ്പ് രൂപീകരണവും ക്രമവിരുദ്ധമായ ചെലവും | നിയമസഭാസമിതിയുടെ പരിഗണനയിൽ |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2500 | ശ്രീമതി. രമ്യ, ഡയറിഫാം ഇൻസ്ട്രക്ടർ |
| 3-2 | | 14000 | ശ്രീമതി. ആര്യാലക്ഷ്മി. വി, കൃഷിഓഫീസർ |
| 3-3 | | 10000 | ശ്രീമതി. സോണൽ സലിം, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 2,44,000/- | ശ്രീമതി. ആര്യാലക്ഷ്മി. വി, കൃഷിഓഫീസർ |
| 1-24 | 4,44,000/- | ശ്രീമതി. സോണൽ സലിം, കൃഷിഓഫീസർ |
| 1-26 | 3,52,314/- | ശ്രീ. ബാബുരാജ്. എ, സെക്രട്ടറി |
| 1-27 | 9,98,409/- | ശ്രീ. ബാബുരാജ്. എ, സെക്രട്ടറി |
| | 15,40,293/- | ശ്രീ. വിനയകുമാർ, സെക്രട്ടറി |
| 1-32 | 37,601/- | ശ്രീമതി. ലീലാമണി, അസ്സിസ്റ്റന്റ് സെക്രട്ടറി |

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

33,300/- രൂപ - ഖണ്ഡിക 1-7-2

1,46,000/- രൂപ -ഖണ്ഡിക 1-7-3

നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡികകൾ 1-7-1 മുതൽ 1-7-4

റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീ. ബാബുരാജ്. എ,<br>സെക്രട്ടറി | സെക്രട്ടറി,<br>പെരിനാട് ഗ്രാ. പ | നികേതം,<br>പെരുമ്പുഴ.പി.ഒ,<br>കൊല്ലം |
| ശ്രീ. വിനയകുമാർ,<br>സെക്രട്ടറി | സർവീസിൽ നിന്നും വിരമിച്ച | വിനയഭവനം,<br>പുനക്കന്നൂർ. പി. ഒ, കൊല്ലം |
| ശ്രീമതി രമ്യ,<br>ഡയറിഫാം ഇൻസ്ട്രക്ടർ | ഡയറിഫാം ഇൻസ്ട്രക്ടർ, ഡയറി എക്സ്റ്റെൻഷൻ സർവ്വീസ് യൂണിറ്റ്, പാറശ്ശാല | പി. എസ്സ്. ഭവൻ,<br>വെൺപകൽ. പി. ഒ,<br>തിരുവനന്തപുരം |
| ശ്രീമതി ആര്യാലക്ഷ്മി. വി,<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ,<br>പിറവന്തൂർ ഗ്രാമപഞ്ചായത്ത് | ചെറുകോട്, കല്ലൂർ വീട്,<br>മഞ്ഞക്കാല. പി. ഒ |
| ശ്രീമതി സോണൽസലിം,<br>കൃഷി ഓഫീസർ | കൃഷിഓഫീസർ, പേരയം ഗ്രാമപഞ്ചായത്ത് | കലമ്പാട്ടിവിള,<br>ചെമ്മക്കാട്, പി. ഒ,<br>കൊല്ലം |
| ശ്രീമതി ലീലാമണി,<br>അസ്സിസ്റ്റന്റ് സെക്രട്ടറി | സർവീസിൽ നിന്നും വിരമിച്ച | ഗോകുലം,<br>ചന്ദനത്തോപ്പ്. പി. ഒ,<br>കൊല്ലം |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം.പി4/441(1)/18 /6-4-18 | 2 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി4/441(2)/18 /6-4-18 | 1 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി4/441(3)/18 /6-4-18 | 3 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി4/441(5)/18 /6-4-18 | 5 |
| 2002-03 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 6 |
| 2003-04 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 11 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി4/441(6)/18 /6-4-18 | 4 |
| 2005-06 | എൽ.എഫ്.ക്യൂ.പി2/1366/ 2014/23.06.2014 | 22 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി4/780(1)/19 | 19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി4/780(2)/19 | 7 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി4/780(3)/19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി4/780(4)/19 | 4 |
| 2010-11<br>2011-12 | കെ.എസ്.എ.കെ.എൽ.എം.പി4/780(5)/19 | 13 |
| 2012-13 | എൽ.എഫ്.ക്യൂ.പി2/1537/14/ 15.07.15 | 11 |
| 2013-14&14-15 | കെ.എസ്.എ.കെ.എൽ.എം.പി.2-1564/16/10.5.17 | 8 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി.4-1837/16/27.12.17 | 10 |

| | | |
|---|---|---|
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി.4-1615/17/28.03.18 | 14 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി.4-1804/18, തീയതി - 06.02.19 / 15.03.19 | 11 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി.4-981(1)/19/02.08.2019 | 17 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## .ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പെരിനാട് ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.